സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

SUVISESHA DHWANI

# സുവിശേഷ ധ്വനി

2016 ജൂലൈ 16

Suvisesha Dhwani Fortnightly Reg. No. RN. 29475/1978 Vol. 38 Issue 25

പുസ്തകം 38 ലക്കം 25 പേജ് 6

# ദൈവം പ്രാർത്ഥന തള്ളിക്കളയുന്നില്ല

**സി.സത്യദാസ്, വെളിയംകോട്**

**എ**ന്റെ പ്രാർത്ഥന തള്ളിക്കളയാതെയും തന്റെ ദയ എങ്കൽ നിന്നും എടുത്തുകളയാതെയും ഇരിക്കുന്ന ദൈവം വാഴ്ത്തപ്പെടുമാറാകട്ടെ (സങ്കീ. 67:20). ശരീരത്തിനു ഭക്ഷണം എന്ന പോലെ പ്രാർത്ഥന പ്രാണനും ആത്മാവിനും അനിവാര്യമാണ്. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ സ്രഷ്ടാവായ ദൈവത്തോട് ബന്ധം പുലർത്തുന്നതു പ്രാർത്ഥനയിലൂടെയാണ്. അപേക്ഷിക്കുക, ചോദിക്കുക, യാചിക്കുക, പക്ഷവാദം ചെയ്യുക തുടങ്ങിയ പദങ്ങൾ പ്രാർത്ഥിക്കുക എന്നതിനു സമാനമായി പ്രയോഗിച്ചിട്ടുണ്ട്. ഞാനോ നിങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാതിരിക്കുന്നതിനാൽ ദൈവത്തോട് പാപം ചെയ്യാൻ ഇടവരരുതേ (1 ശമു. 12:27) എന്നു ശമുവേൽ പ്രവാചകൻ പറയുന്നു.

കർത്താവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട തന്റെ മക്കളായ നാം എപ്പോഴും നമ്മുടെ പിതാവാം ദൈവത്തോട് പ്രാർത്ഥിക്കേണം. അത് ദൈവത്തിന് ഏറെ ഇഷ്ടമുള്ള കാര്യമാണ്. നാം പലപ്പോഴും പ്രാർത്ഥിക്കുന്ന കാര്യത്തിൽ പിശുക്ക് കാണിക്കുന്നവരാണ്. എന്നാൽ പാട്ടുകാരൻ പാടുന്നതുപോലെ 'ദിനവും മനമേ തല്സമയം വൻകൃപകൾ പ്രാപിപ്പാൻ അതിധൈര്യമായി കൃപാസനത്തിൻ അന്തികത്തിൽ ചെല്ലുവാൻ' നമുക്ക് അധികാരം കൃപയാൽ നല്കിയിട്ടുണ്ട്. എന്നു മാത്രമല്ല അത് നമ്മുടെ ദൈവത്തിന് ഏറെ ഇഷ്ടമുള്ള കാര്യവുമായിരിക്കുന്നു. ഏതു സമയത്തും പ്രാർത്ഥിക്കുവാൻ നമുക്ക് കഴിയും. നമ്മുടെ അപേക്ഷ ഒന്നു പോലും തള്ളിക്കളയുന്നില്ല. അതാണ് നമ്മുടെ ദൈവത്തിന്റെ പ്രത്യേകത. ദാവീദ് പറയുന്നത് ദൈവം എന്റെ പ്രാർത്ഥന തള്ളിക്കളയുന്നില്ല എന്നാണ്. ചിലപ്പോഴൊക്കെ നാം ഈ വസ്തുത മറന്നുപോകുന്നു.

നാം പ്രാർത്ഥിക്കാറുണ്ട്. കരുണയുള്ള ദൈവം ഉത്തരം നല്കിയിട്ടുണ്ട്. എന്നാൽ ചില പ്രാർത്ഥനയ്ക്ക് ഉത്തരം ഇതുവരെ കിട്ടിയിട്ടുമില്ല. അത് ഓർക്കുമ്പോൾ ദൈവം എന്റെ പ്രാർത്ഥന കേട്ടില്ലേ അതോ തള്ളിക്കളഞ്ഞതാണോ? എന്നൊക്കെ ചോദ്യം മനസ്സിൽ വന്നു കൂടും. എന്നാൽ സ്നേഹവാനായ ദൈവം തന്റെ മക്കളുടെ ഒരു ചെറിയ പ്രാർത്ഥന പോലും തള്ളിക്കളയുന്നില്ല. നീതിമാന്മാർ നിലവിളിച്ചു യഹോവ കേട്ടു (സങ്കീ. 34:17). യഹോവയുടെ കണ്ണ് നീതിമാന്മാരുടെ മേലും അവന്റെ ചെവി അവരുടെ നിലവിളിക്കും "തുറന്നിരിക്കുന്നു." ഒരു തുറന്ന ചെവിയുമായി കാത്തിരിക്കുന്ന കർത്താവ് നമ്മുടെ പ്രാർത്ഥന കേട്ടതിനുശേഷം അതിനു മറുപടി തരാതിരിക്കുമോ? ഒരിക്കലുമില്ല. തീർച്ചയായും മറുപടി തരിക തന്നെ ചെയ്യും. സ്വന്ത പുത്രനെ ആദരിയാതെ നമുക്ക് എല്ലാവർക്കും വേണ്ടി ഏല്പിച്ചു തന്നവൻ അവനോടുകൂടെ സകലവും നല്കാതിരിക്കുമോ? (റോമ. 8:32). എന്താണ് ഉത്തരം? ഒരു സംശയവും വേണ്ട. അവിടുന്ന് മറുപടി തരുന്ന ദൈവമാണ്. കർത്താവിനു സ്തോത്രം. എങ്കിൽ പിന്നെ എന്തെ ചില പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിച്ചില്ലല്ലൊ. അതു വാസ്തവത്തിൽ ന്യായമായ ഒരു കാര്യമാണ്. എന്നാൽ നാം അർപ്പിക്കുന്ന ഏതു പ്രാർത്ഥനയും അതു ചെറുതായാലും വലുതായാലും ദൈവം തള്ളിക്കളയുന്നില്ല. എന്നതാണ് യാഥാർത്ഥ്യം. അതാണ് മേലുദ്ധരിച്ച വാക്യം നമ്മെ പഠിപ്പിക്കുന്നത്. എന്റെ പ്രാർത്ഥന തള്ളിക്കളയാത്ത ദൈവം എത്ര നല്ല ദൈവം. ഈ ദൈവം പ്രാർത്ഥന കേൾക്കുന്ന ദൈവം മാത്രമല്ല മറുപടി തരുന്ന ദൈവമാണ്. ഒരു ദൈവപൈതൽ എന്ന നിലയിൽ നാം അതു അറിഞ്ഞിരിക്കേണം.

ദൈവം തീർച്ചയായും മറുപടി തരും. അതു ഏതു വിധത്തിൽ എന്നു തിരുവചനം പഠിക്കുമ്പോൾ നമുക്ക് മനസ്സിലാകും.

മൂന്നു നിലയിലാണ് പ്രാർത്ഥനയ്ക്ക് മറുപടി കിട്ടുന്നത് എന്ന് നമുക്ക് ഗ്രഹിക്കാം. ഒന്ന് ഉടൻ, രണ്ട് സാവകാശം, മൂന്ന് കിട്ടുന്നില്ല. ഈ മൂന്നു കാര്യത്തിനും വ്യക്തമായ വേദാധാരം നമുക്ക് തന്നിട്ടുണ്ട്. ആദ്യമായ് ഏലിയാവിന്റ പ്രാർത്ഥന. അദ്ദേഹം പ്രാർത്ഥിക്കുകയാണ്: 'നീ ദൈവം തന്നെ യഹോവേ നീ തങ്ങളുടെ ഹൃദയം വീണ്ടും തിരിച്ചു എന്ന് ഈ ജനം അറിയേണ്ടതിന് എനിക്ക് ഉത്തരമരുളേണമേ' (1 രാജാ. 18:37) ഇതായിരുന്നു ഏലിയാവിന്റെ പ്രാർത്ഥന. എന്നാൽ താൻ എപ്പോൾ പ്രാർത്ഥിച്ചുവോ അപ്പോൾ തന്നെ ദൈവം മറുപടി നല്കുന്നു. നാം വായിക്കുന്നത്, 'ഉടനെ' യഹോവയുടെ തീ ഇറങ്ങി എന്നാണ് (1 രാജാ. 18:38).

എന്താണ് സംഭവം എന്ന് നമുക്കറിയാം. ആഹാബിന്റെ പാപം നിമിത്തം ദൈവം യിസ്രായേലിനെ ശിക്ഷിക്കുന്നു. ഏലിയാവ് രാജാവിനോട് പറകയാണ് ഞാൻ പറഞ്ഞിട്ടല്ലാതെ മഴ പെയ്കയില്ല. പിന്നെ നാം വായിക്കുന്നത് ഏറിയ നാൾ കഴിഞ്ഞിട്ട്, മൂന്നാം സംവത്സരത്തിൽ ആഹാബിന്റെ അടുക്കൽ ഏലിയാവ് എത്തി നിന്റെ പ്രവാചകന്മാരെ കർമ്മേൽ പർവ്വതത്തിന്റെ അടുക്കൽ കൂട്ടി വരുത്തുക (1 രാജാ. 18:19). ഈ ചരിത്ര സംഭവം നമുക്കറിയാം. രണ്ടു കാളയെ കൊണ്ടു വന്നു ബാലിന്റെ പ്രവാചകന്മാർക്ക് ആദ്യം അവസരം കൊടുത്തു. ആകാശത്തു നിന്നും തീ ഇറങ്ങി യാഗപീഠം കത്തിക്കണം. അതാണ് അവിടെ നടക്കേണ്ട കാര്യം. ബാലിന്റെ പ്രവാചകന്മാർ എത്ര ശ്രമിച്ചിട്ടും തീകൊണ്ട് ഉത്തരം കിട്ടിയില്ല. എന്നാൽ പ്രവാചകൻ യാഗപീഠം പണിതു കാളയെ യാഗപീഠത്തിൽ അർപ്പിച്ചു. ദൈവത്തോട് പ്രാർത്ഥിച്ചു. ഉടനെ യഹോവയുടെ തീ ഇറങ്ങി ഹോമയാഗവും വിറകും മണ്ണും ദഹിപ്പിച്ചു. നോക്കുക, ദൈവം തന്റെ ദാസന്റെ പ്രാർത്ഥന തള്ളിക്കളഞ്ഞില്ല: എന്നു മാത്രമല്ല 'ഉടനെ' ഉത്തരം നല്കുകയും ചെയ്തു.

പ്രിയ ദൈവമക്കളെ, നമ്മുടെ ജീവിതത്തിൽ ഒന്നു പിറകിലേക്ക് തിരിഞ്ഞു നോക്കൂ. എത്രയോ പ്രാർത്ഥനയ്ക്ക് ദൈവം ഉടൻ ഉത്തരം നല്കിയിട്ടുണ്ട്. അടുത്ത ചുവട് വയ്ക്കാൻ ഇടമില്ലാതെ എന്തു ചെയ്യും എന്ന് വിഷമിച്ച നേരം. ഉടനെ പുതുവഴി കർത്താവ് തുറന്നിട്ടില്ലയോ? എത്രയോ പ്രാവശ്യം - ദൈവത്തിന് സ്തോത്രം. നമ്മുടെ പ്രാർത്ഥന തള്ളിക്കളയാത്ത ദൈവം.

അടുത്തതായ് പ്രാർത്ഥനയ്ക്ക് മറുപടി സാവകാശം. അതിനും വേദാധാരം നമുക്ക് ഉണ്ട്. യോഹ. 11-ാം അധ്യായം. അവിടെ നാം കാണുന്നത് മാർത്തയുടെയും മറിയയുടെയും പ്രാർത്ഥനയാണ്. ലാസർ രോഗിയാകുന്നു ഉടനെ ആ സഹോദരിമാർ കർത്താവിന്റെ അടുക്കൽ ആളയയ്ക്കുന്നു. വിവരം അറിയിക്കുന്നു. അതു കേട്ടാറെ താൻ അന്നു ഇരുന്ന സ്ഥലത്ത് രണ്ടു ദിവസം പാർത്തു (യോഹ. 11:6). പിന്നെ സംഭവിച്ചത് നമുക്കറിയാം. ലാസർ മരിച്ചു. കർത്താവ് അവിടെ എത്തിയപ്പോൾ അടക്കം കഴിഞ്ഞ് നാലു നാൾ ആയി. നോക്കുക കർത്താവ് കഠിന ഹൃദയനെന്നോ മനസ്സലിവ് ഇല്ലാത്തവനെന്നോ എന്നൊക്കെ ചിന്തിച്ചു പോകാം. എന്നാൽ നാം കാണുന്നത് കർത്താവ് അവരുടെ പ്രാർത്ഥനയ്ക്ക് അല്പം വൈകി ഉത്തരം നല്കി. എന്തുകൊണ്ട്? നാം ഇങ്ങനെ വായിക്കുന്നു, മറിയയുടെ അടുക്കൽ വന്ന യെഹൂദന്മാരിൽ പലരും അവൻ ചെയ്തതു കണ്ടിട്ട് അവനിൽ വിശ്വസിച്ചു (യോഹ. 11:45).

പ്രിയ ദൈവമക്കളെ, നാം മനസ്സിലാക്കേണ്ട കാര്യം, കർത്താവ് അവരുടെ പ്രാർത്ഥന തള്ളിക്കളഞ്ഞില്ല. പിന്നെയോ അല്പം വൈകി ഉത്തരം നല്കി. എന്തിനുവേണ്ടി? കർത്താവ് ഉദ്ദേശിച്ച കാര്യം ആ യെഹൂദന്മാർ തന്നിൽ വിശ്വസിക്കേണം. അതിനു വേണ്ടി താൻ സ്നേഹിച്ച തന്റെ മക്കളെ അല്പം ശോധനയിലൂടെ കടത്തിവിട്ടു. ദൈവഹിതം നിറവേറണം. അതിനുവേണ്ടി താൻ സ്നേഹിക്കുന്ന തന്റെ പ്രിയപ്പെട്ടവരെ ഉപയോഗിക്കും. നാം പ്രാർത്ഥിക്കുമ്പോഴും ചിലപ്പോഴൊക്കെ മറുപടി വൈകി എന്നു വരാം. എന്നാൽ നാം ഓർക്കേണ്ടത്, നമ്മുടെ പ്രാർത്ഥന തള്ളിയതുകൊണ്ടല്ല, മറിച്ച് അവിടുത്തെ നാമം

▶ 4

**മൂന്നു നിലയിലാണ് പ്രാർത്ഥനയ്ക്ക് മറുപടി കിട്ടുന്നത് എന്ന് നമുക്ക് ഗ്രഹിക്കാം. ഒന്ന് ഉടൻ, രണ്ട് സാവകാശം, മൂന്ന് കിട്ടുന്നില്ല. ഈ മൂന്നു കാര്യത്തിനും വ്യക്തമായ വേദാധാരം നമുക്ക് തന്നിട്ടുണ്ട്.**

## വാളകം യൂണിറ്റിന് പുതിയ ഭാരവാഹികൾ

**മൂവാറ്റുപുഴ:** വൈ.എം.ഇ.എഫ്. വാളകം യൂണിറ്റ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പ്രസിഡന്റ്: വി.വി. ജോസ് (മുളന്തുരുത്തി), സെക്രട്ടറി: ബൈജു ബേബി (മാമലശ്ശേരി), വൈ. പ്രസിഡന്റ്: നെൽസൺ റ്റി.വി. (ഊരമന), ജോ. സെക്രട്ടറി: സാം പ്രസാദ് (മുള്ളരിങ്ങാട്), കമ്മിറ്റി അംഗങ്ങൾ: ഗോഡ്ലി ജേക്കബ് (കുന്നയ്ക്കൽ), ജോൺസൺ പി.ജെ. (പണ്ടിക്കുടി), പൗലോസ് കെ.വി. (മുളന്തുരുത്തി), മത്തായി കെ.വി. (തങ്കളം), പൗലോസ് റ്റി.ഐ. (പ്രളയക്കാട്), ബില്ലി പോൾ (പോത്താനിക്കാട് ടൗൺ), നിജി തങ്കച്ചൻ (കടമറ്റം), ലിജോ സ്കറിയ (കളമശ്ശേരി), സിബു ചാർളി (ഫോർട്ട് കൊച്ചി), പോൾ റ്റി.സി. (പെരുമ്പാവൂർ). കഴിഞ്ഞ നാളുകളിൽ എറണാകുളം ജില്ലയിലും പരിസരപ്രദേശങ്ങളിലുമുള്ള സ്ഥലം സഭകളോടുചേർന്ന് സുവിശേഷ പ്രവർത്തനങ്ങൾ നടത്തുവാൻ വാളകം യൂണിറ്റിനെ കർത്താവ് സഹായിച്ചു. തുടർന്നും മിനി ക്യാമ്പുകൾ, ഏകദിന സുവിശേഷ ക്യാമ്പുകൾ, പരസ്യ സുവിശേഷപ്രവർത്തനങ്ങൾ, ഏകദിനസമ്മേളനങ്ങൾ എന്നിവ നടത്തുവാൻ ആഗ്രഹിക്കുന്ന സ്ഥലംസഭകൾ സെക്രട്ടറിയുമായി ബന്ധപ്പെടുക.

**മിനി ക്യാമ്പ്:** ജൂലൈ 22,23 തീയതികളിൽ മാമലശ്ശേരി സഭയുടെ സഹകരണത്തിൽ ഒരു മിനി ക്യാമ്പ് നടത്തുവാൻ തീരുമാനിച്ചു. യൂണിറ്റിന്റെ തുടർന്നുള്ള പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

*സെക്രട്ടറിയുടെ വിലാസം :* ബൈജു ബേബി, വടക്കേവെട്ടിക്കതടത്തിൽ, മാമലശ്ശേരി പി.ഒ., രാമമംഗലം - 686 663.
ഫോൺ: 9447493987.

*സെക്രട്ടറി*

## വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ
## പ്രാർത്ഥനാ സമ്മേളനം

**റാന്നി:** വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷന്റെ ചുമതലയിൽ റാന്നി സീയോൻകുന്ന് ബ്രദറൺ സഭയുടെയും റാന്നി സെന്റർ വൈ.എം.ഇ.എഫ്. ന്റെയും സഹകരണത്തോടെ ഒരു പ്രാർത്ഥനാ കൂടിവരവ് 2016 ജൂലൈ 24-ാം തീയതി ഞായറാഴ്ച വൈകിട്ട് 3.30 മുതൽ 5.30 വരെ റാന്നി സീയോൻകുന്ന് ബ്രദറൺ സഭാഹാളിൽ വച്ച് നടക്കുന്നു. സഹോദരൻ റ്റി.പി. തോമസ് പത്തനംതിട്ട വചന ശുശ്രൂഷ നിർവ്വഹിക്കുന്നതാണ്.

*പ്രൊഫ. എം.ജെ. കുര്യൻ (9495605722)*

*ഒരുങ്ങുവിൻ! പ്രാർത്ഥിപ്പിൻ!! വന്നുചേരുവിൻ!!!*

## വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ് - 2016

**സയൺ പബ്ലിക്ക് സ്കൂൾ, സയൺ നഗർ,സ്വരാജ്, കട്ടപ്പന**

*(കട്ടപ്പനയിൽ നിന്നും കോട്ടയം റൂട്ടിൽ 10 കി.മീ. ദൂരം മാത്രം.)*

**2016 സെപ്റ്റംബർ 12 തിങ്കൾ മുതൽ 16 വെള്ളി വരെ**

*(ഓണം അവധിക്കാലത്ത് - എല്ലാം ഗവ. അവധി ദിവസങ്ങൾ)*

പ്രധാന ലീഡേഴ്സ് :


**ജോർജ്ജ് മാത്യു - മഹാരാഷ്ട്ര, ഡാനിയേൽ വറുഗീസ് - പുനലൂർ, ബിജു ആലടി - ഇടുക്കി, ജോർജ്ജ് കോശി - മൈലപ്ര**

*കൂടുതൽ വിവരങ്ങൾക്ക്:* സ്റ്റാൻലി എബ്രാഹം, ജനറൽ സെക്രട്ടറി (9388281162)



ക്രൂശിച്ച സമയത്ത് വലിയ ഒരു പുരുഷാരം തനിക്കു ചുറ്റും കൂടി. അവരോട് തലകീഴായി ക്രൂശിക്കപ്പെട്ടു കിടന്ന ഫിലിപ്പോസ് കർത്താവിനെക്കുറിച്ച് സാക്ഷിച്ചു. തന്റെ കഠിനവേദനയിലും സുവിശേഷം മാത്രമായിരുന്നു തന്റെ ലക്ഷ്യം.

*പേജ് 2*



### ഉൾപ്പേജുകളിൽ


- ....ഫിലിപ്പോസ് 2
- പൗലോസിന്റെ സാക്ഷ്യം 3
- സീതാപ്പൂരിലേക്ക് ... 4
- ബൈബിൾ ക്വിസ്/കവിത 5
- ചിന്ത/വാർത്തകൾ 6

**SUVISESHA DHWANI**

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

2016 ജൂലൈ 16/ പുസ്തകം 38, ലക്കം 25

എഡിറ്റോറിയൽ

# യേശുക്രിസ്തുവിനെ രക്ഷിതാവായി മാത്രം സ്വീകരിച്ചാൽ മതിയോ?

**ന**മ്മുടെയിടയിൽ സാധാരണ കേൾക്കുന്ന ഒരു പ്രസ്താവനയാണ് "യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു" എന്നുള്ളത്. പുതിയ വിശ്വാസികൾ മാത്രമല്ല, ദൈവവചനത്തിൽ പരിജ്ഞാനമുള്ളവർ എന്നു നാം കരുതുന്നവർ പോലും അങ്ങനെ പറഞ്ഞു കേൾക്കാറുണ്ട്. ഈ പ്രയോഗം ഭീമമായ ഒരു തെറ്റാണെന്നു പറയാനല്ല ഇതെഴുന്നത്; മറിച്ച് കാര്യങ്ങൾ അതിന്റെ ഗൗരവത്തോടെ കാണേണ്ടതുണ്ട് അതുകൊണ്ടു മാത്രം.

ഒരാൾ വിശ്വാസിച്ചാലും ഇല്ലെങ്കിലും യേശുക്രിസ്തു സർവ്വ ലോകത്തിന്റെയും രക്ഷിതാവാണ്. എന്നാൽ രക്ഷിക്കപ്പെടുമ്പോൾ നാം ക്രിസ്തുവിനെ നമ്മുടെ കർത്താവായിട്ടാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് അങ്ങനെ തന്നെ നാം സാക്ഷ്യം പറയണം, മറ്റുള്ളവരെ പഠിപ്പിക്കയും വേണം. അറിവില്ലായ്മ കൊണ്ടോ പരിജ്ഞാനക്കുറവുകൊണ്ടോ എളുപ്പത്തിനു വേണ്ടിയോ അങ്ങനെ പറയുന്നു എങ്കിൽ തിരുത്തണം.

> **രക്ഷിക്കപ്പെടുന്ന സന്ദർഭത്തിൽ മാത്രമല്ല ജീവിതത്തിലുടനീളം യേശുക്രിസ്തു എന്റെ കർത്താവ് എന്നുള്ള സാക്ഷ്യം മറ്റുള്ളവരോടു പറയുകയും ജീവിതത്തിൽ കൂടി കാണിച്ചു കൊടുക്കുകയും വേണം.**

രക്ഷിക്കപ്പെടുന്നത് എങ്ങനെയാണെന്നുള്ളതിന് വ്യക്തമായ ധാരണ തരുന്ന വാക്യമാണല്ലോ റോമർ 10:9. അവിടെ പറഞ്ഞിരിക്കുന്നത് ഒന്ന്, യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റു പറയണം. രണ്ട്, ദൈവം അവനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കണം. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി ദൈവം തന്റെ പുത്രനായ യേശുക്രിസ്തുവിനെ ഈ ലോകത്തിലേക്ക് അയച്ചു എന്നും യേശുവിനെ ഉയിർത്തെഴുന്നേല്പിച്ചതിനാൽ ഏകരക്ഷാമാർഗ്ഗം യേശുക്രിസ്തു ആണെന്നുള്ളത് സ്വർഗ്ഗം അംഗീകരിച്ചു എന്നും മനസ്സുകൊണ്ടും ഇച്ഛകൊണ്ടും വികാരം കൊണ്ടും പൂർണ്ണമായി അംഗീകരിക്കണം. മാത്രമല്ല ഈ യേശുക്രിസ്തു എന്റെ കർത്താവ് എന്നു വ്യക്തിപരമായി വായ്കൊണ്ട് ഏറ്റു പറയണം. ജീവിതത്തിൽ യേശുക്രിസ്തു കർത്താവ് എന്ന സാക്ഷ്യം കാണിച്ചു കൊടുക്കുകയും വേണം. അതാണ് ഈ വാകൃത്തിൽ ഉൾക്കൊള്ളുന്നത്.

1 പത്രോ. 3:14-ൽ നാം വായിക്കുന്നത്, ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിപ്പിൻ. ക്രിസ്തുകേന്ദ്രീകൃതമായ ഒരു വേർപാടു ജീവിതം നയിക്കണം. ലൂക്കോ. 9:23-ൽ യഥാർത്ഥ ശിഷ്യത്വത്തിനുള്ള യോഗ്യതകളിൽ ഒന്ന് തന്നെത്താൻ നിഷേധിക്കുക എന്നതാണ് എന്നു നാം വായിക്കുന്നു. ജീവിതത്തിൽ സ്വന്ത അധികാരങ്ങളെ അടിയറവച്ച് ക്രിസ്തുവിന്റെ ഇഷ്ടത്തിനായി സ്വയം ഏല്പിച്ചുകൊടുക്കണം.

രക്ഷിക്കപ്പെടുന്ന സന്ദർഭത്തിൽ മാത്രമല്ല ജീവിതത്തിലുടനീളം യേശുക്രിസ്തു എന്റെ കർത്താവ് എന്നുള്ള സാക്ഷ്യം മറ്റുള്ളവരോടു പറയുകയും ജീവിതത്തിൽ കൂടി കാണിച്ചു കൊടുക്കുകയും വേണം. വീണ്ടുംജനന സമയത്ത് ഇങ്ങനെയുള്ള ഒരു ഉടമ്പടിയാണ് കർത്താവുമായി ചെയ്യുന്നത്. അതുകൊണ്ട്, അറിയാതെ പോലും പറയുന്ന നമ്മുടെ വാക്കുകളിൽ യേശുക്രിസ്തു കർത്താവ് എന്നു തന്നെ പറയണം. "രക്ഷിതാവും കർത്താവും" എന്നു പറയുന്നതിലും തെറ്റില്ല. മറ്റുള്ളവരെ പറഞ്ഞു മനസ്സിലാക്കണം. പ്രത്യേകിച്ച് സുവിശേഷം മറ്റുള്ളവരുമായി പങ്കുവയ്ക്കുമ്പോൾ ആരെങ്കിലും ഏറ്റു പറഞ്ഞു കർത്താവിനെ സ്വീകരിക്കാൻ മനസ്സു പ്രകടിപ്പിച്ചാൽ "യേശുക്രിസ്തു നിന്റെ കർത്താവായിത്തീരണം, യേശുകർത്താവ് എന്തു പറഞ്ഞാലും അനുസരിക്കാൻ നീ ബാധ്യസ്ഥനാണ്. സ്നാനപ്പെടുവാനും വേർപെടുവാനും പറഞ്ഞാലും അതു ചെയ്യാൻ ബാധ്യസ്ഥനാണ്" എന്നത് തെളിച്ചു പറയണം. അല്ലാതെ വെറുതെ ഏറ്റു പറയിപ്പിക്കരുത്. രക്ഷയുടെ സന്ദേശം പത്രോസ് ഉത്ഘോഷിക്കുമ്പോൾ "ഈ വക്രതയുള്ള തലമുറയിൽ നിന്ന് രക്ഷിക്കപ്പെടുവിൻ" (അപ്പൊ. പ്രവൃ. 2:40) എന്നു വ്യക്തമായി പറയുന്നു. രക്ഷിക്കപ്പെട്ടവർ യേശുക്രിസ്തു കർത്താവായുള്ള വേർപെട്ട ജീവിതം നയിക്കണം എന്നത് സുവ്യക്തമാണ്.

ഇങ്ങനെയൊന്നുമില്ലെങ്കിൽ എന്താ കുഴപ്പം എന്നു ചോദിച്ചേക്കാം. ഒന്ന്, വചനത്തിൽ പറയാത്ത രീതിയിൽ പ്രസ്താവന നടത്തുന്നു. രണ്ട്, വിമർശകർ, പ്രത്യേകിച്ച് രക്ഷ നഷ്ടപ്പെടും എന്നു പഠിപ്പിക്കുന്ന കൂട്ടർ നമ്മുടെ രക്ഷയുടെയും വേർപാടു ജീവിതത്തിന്റെയും ഗൗരവം കുറച്ചു കാണും. മൂന്ന്, "യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു" എന്നു മാത്രം പറയുന്ന വ്യക്തി ജീവിതത്തിലും യേശുവിന്റെ കർത്തൃത്വം അംഗീകരിക്കാതെ നാമധേയ വിശ്വാസിയായി മാത്രം ജീവിക്കും. ഒരുപക്ഷേ രക്ഷിക്കപ്പെട്ടവനുമായിരിക്കില്ല. രക്ഷിക്കപ്പെട്ടെന്നു വിചാരിച്ചിരിക്കും ചെന്നെത്തുന്നത് നരകത്തിലായിരിക്കും. യഥാർത്ഥ രക്ഷയുടെ അനുഭവം ജീവിതത്തിൽ കാണുകയില്ല. അങ്ങനെ വരാതിരിക്കട്ടെ. യേശുരക്ഷിതാവ് എന്റെ കർത്താവ് എന്ന് വായികൊണ്ടും ജീവിതം കൊണ്ടും സാക്ഷ്യപ്പെടുത്തി ജീവിക്കാം.

**സ്റ്റാൻലി ജേക്കബ്**

നിണമണിഞ്ഞ കാല്പാടുകൾ 03


## ക്രിസ്തുവിനുവേണ്ടി പ്രാണത്യാഗം ചെയ്തവർ

എസ്.വി. കളമശ്ശേരി

# അപ്പൊസ്തലനായ ഫിലിപ്പോസ്

**സ്**തെഫാനോസിനും അപ്പൊസ്തലനായ യാക്കോബിനും ശേഷം രക്തസാക്ഷിയായി നിത്യതയിലേക്ക് പ്രവേശിച്ച അപ്പൊസ്തലനാണ് ഫിലിപ്പോസ്. തന്റെ ജീവിതത്തെക്കുറിച്ചും ശുശ്രൂഷകളെക്കുറിച്ചും സന്ദർശിച്ച സ്ഥലങ്ങളെക്കുറിച്ചും മറ്റു വിവരങ്ങളൊന്നും തന്നെ പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയില്ല. സമകാലീനരായ ചില എഴുത്തുകാർ അപ്പൊസ്തലന്മാരുടെ ജീവചരിത്രങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അവരിൽ പ്രധാനി യോസീഫസ് എന്ന എഴുത്തുകാരനാണ്.

അന്ത്രയാസിന്റെയും പത്രോസിന്റെയും പട്ടണമായ ബേത്ത്സയിദക്കാരനാണ് ഫിലിപ്പോസ്. ഇവർ മൂവരും ന്യായപ്രമാണത്തിൽ മോശെയും പ്രവാചകന്മാരും യിസ്രയേലിന്റെ വീണ്ടെടുപ്പുകാരനെക്കുറിച്ച് രേഖപ്പെടുത്തിയിരുന്നത് ഗ്രഹിച്ചിരുന്നു (യോഹ. 1:45).



ഫിലിപ്പോസ് യേശുവിന്റെ വിളികേട്ടു, അനുസരിച്ചു, അനുഗമിച്ചു. താൻ മനസ്സിലാക്കിയ വസ്തുത മറ്റുള്ളവരെയും അറിയിക്കുന്നതിൽ വളരെ ഉത്സാഹിയായിരുന്നു. നഥനയേലിനെ കണ്ട് ന്യായപ്രമാണത്തിൽ മോശെയും പ്രവാചകന്മാരും എഴുതിയിരിക്കുന്ന മശിഹയെ കണ്ടു എന്നറിയിച്ചു. നഥനയേലിനുണ്ടായിരുന്ന എല്ലാ സംശയങ്ങൾക്കും നിവൃത്തി വരുത്തിയതിനുശേഷം യേശുവിന്റെ അരികിലെത്തിച്ചു (യോഹ. 1:45-47). അനേകം ആത്മീയ മർമ്മങ്ങൾ ഗ്രഹിക്കുന്നതിന് അതീവ താല്പര്യം ഫിലിപ്പോസ് കാണിച്ചിരുന്നു. "നിങ്ങൾ എന്നെ അറിഞ്ഞു എങ്കിൽ പിതാവിനെയും അറിയുമായിരുന്നു" എന്ന് കർത്താവ് പറഞ്ഞപ്പോൾ വളരെ താല്പര്യത്തോടെ ഫിലിപ്പോസ് പറഞ്ഞു, "പിതാവിനെ ഞങ്ങൾക്കു കാണിച്ചു തന്നാൽ മതി" (യോഹ. 14: 7-9). ഉടനെ കർത്താവ് ഫിലിപ്പോസിന്, "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു" എന്ന വിലയേറിയ സത്യം ഗ്രഹിപ്പിച്ചു കൊടുത്തു. സ്വർഗ്ഗീയ കാര്യങ്ങൾ മനസ്സിലാക്കുവാനുള്ള ഫിലിപ്പോസിന്റെ ആഗ്രഹം മറ്റു ശിഷ്യന്മാരിൽ നിന്നും തന്നെ പ്രത്യേകതയുള്ളവൻ ആക്കുന്നു.

> **ക്രൂശിച്ച സമയത്ത് വലിയ ഒരു പുരുഷാരം തനിക്കു ചുറ്റും കൂടി. അവരോട് തലകീഴായി ക്രൂശിക്കപ്പെട്ടു കിടന്ന ഫിലിപ്പോസ് കർത്താവിനെക്കുറിച്ച് സാക്ഷിച്ചു. തന്റെ കഠിനവേദനയിലും സുവിശേഷം മാത്രമായിരുന്നു തന്റെ ലക്ഷ്യം.**

യെരുശലേമിൽ തുടങ്ങി സകലജാതികളുടെയും ഇടയിൽ പ്രസംഗിക്കേണം എന്ന കർത്താവിന്റെ കല്പന താൻ പൂർണ്ണമായും അനുസരിച്ചു. അക്കാലത്ത് സഭയ്ക്ക് യഹൂദാപ്രമാണികളിൽ നിന്നും റോമാ ഭരണ കർത്താക്കളിൽ നിന്നും കഠിനമായ എതിർപ്പുകൾ നേരിടേണ്ടി വന്നു എങ്കിലും അപ്പൊസ്തലനായ ഫിലിപ്പോസിന് ഇങ്ങനെയുള്ള എതിർപ്പുകളൊന്നും തന്റെ ശുശ്രൂഷയ്ക്ക് യാതൊരു തടസ്സവുമായിരുന്നില്ല. യെരുശലേമിൽ നിന്നും അപ്പൊസ്തലനായ ഫിലിപ്പോസ് യവനദേശത്ത് എത്തി. ചില നാളുകൾ അവിടെ പാർത്ത് സുവിശേഷം അറിയിച്ചതിനുശേഷം സിറിയയിലേക്ക് പോയി. സിറിയയിൽ നിന്നും ഹിയരപ്പൊലിദേശത്ത് എത്തിയ ഫിലിപ്പോസ് സുവിശേഷീകരണം ആരംഭിച്ചു. അനേകം മ്ലേച്ഛവിഗ്രഹങ്ങൾ കൊണ്ട് നിറഞ്ഞ പൂജാക്ഷേത്രങ്ങൾ അനവധിയുണ്ടായിരുന്നു. സർപ്പ പൂജ അവരുടെ പ്രധാന ആരാധനയായിരുന്നു. സുവിശേഷം കേട്ട് അനേകർ ഈ പട്ടണത്തിൽ കർത്താവിൽ വിശ്വസിക്കുന്നതിനിടയായി. വിശ്വസിച്ചു മുമ്പോട്ടു വന്ന ദൈവജനം പ്രധാന പൂജാക്ഷേത്രം ഇടിച്ചുകളഞ്ഞ് സർപ്പവിഗ്രഹത്തെ ഉടച്ചു കളഞ്ഞു. ഇതിൽ കോപിഷ്ഠരായ ജനങ്ങൾ ദൈവജനത്തെ ഉപദ്രവിക്കുവാൻ തുടങ്ങി. അനേകരെ തടവിലാക്കി. കൂട്ടത്തിൽ അപ്പൊസ്തലനായ ഫിലിപ്പോസിനെയും തടവിലാക്കി, തലകീഴായി ക്രൂശിച്ചു. കൊല്ലുവാൻ ഭരണാധികാരികൾ വിധിച്ചു. ഫിലിപ്പോസ് സന്തോഷത്തോടും പ്രത്യാശയോടും കൂടി കൊലക്കളത്തിലേക്ക് യാത്രയായി. തന്നെ ക്രൂശിച്ച സമയത്ത് വലിയ ഒരു പുരുഷാരം തനിക്കു ചുറ്റും കൂടി. അവരോട് തലകീഴായി ക്രൂശിക്കപ്പെട്ടു കിടന്ന ഫിലിപ്പോസ് കർത്താവിനെക്കുറിച്ച് സാക്ഷിച്ചു. തന്റെ കഠിനവേദനയിലും സുവിശേഷം മാത്രമായിരുന്നു തന്റെ ലക്ഷ്യം.

എ.ഡി. 52-ൽ അപ്പൊസ്തലനായ ഫിലിപ്പോസിന്റെ ജീവിതവും സുവിശേഷ രണാങ്കണത്തിൽ എരിഞ്ഞടങ്ങി. ഈ അപ്പൊസ്തലനും തനിക്കു ലഭിച്ച ചുരുങ്ങിയ നാളുകൾ കർത്താവിനു വേണ്ടി കത്തി ജ്വലിച്ചു. ഇങ്ങനെയുള്ള ജീവിത മാതൃകകൾ നമുക്കും ഒരു അനുഭവമാകട്ടെ.

*(തുടരും)*

ചീഫ് എഡിറ്റർ : സാജു പി. സ്റ്റീഫൻ
അസോ. എഡിറ്റർ : സാമുവൽ തോമസ്
മാനേജിംഗ് എഡിറ്റർ : സാംസൺ സാമുവൽ
സർക്കുലേഷൻ മാനേജർ : എ.ഡി. ജെയിംസ്
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : ₹ 200/-
യു.എസ്.എ./കാനഡ : $ 100
ഗൾഫ് നാടുകൾ : ₹ 2500/-

വാർത്തകളും രചനകളും ഈ-മെയിൽ വഴിയോ, തപാലിലോ, നേരിട്ടോ അസ്സോസിയേറ്റ് എഡിറ്ററുടെ വിലാസത്തിൽ എത്തിക്കുക.
വരിസംഖ്യയും സംഭാവനകളും മാനേജിംഗ് എഡിറ്ററുടെ വിലാസത്തിൽ അയക്കുക.
പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.
**ബാങ്ക് വിവരങ്ങൾ :**
Bank of Baroda, Piravom, A/c. No. 25110100001429,
IFSC Code: BARB0PIRVOM
ഡി.ഡി.യും ചെക്കും '**സുവിശേഷധ്വനി**' എന്നപേരിൽ മാത്രം അയക്കുക.
email : suviseshadhwani2011@gmail.com

## -: തിരുമൊഴി :-

"യിസ്രായേലിന്റെ പരിശുദ്ധങ്കലേക്ക് നോക്കുകയോ യഹോവയെ അന്വേഷിക്കയോ ചെയ്യാതെ സഹായത്തിനായി മിസ്രയീമിൽ ചെന്നു കുതിരകളിൽ മനസ്സ് ഊന്നി രഥം അനവധി ഉള്ളതുകൊണ്ട് അതിലും കുതിരച്ചേവകർ മഹാബലവാന്മാരാകകൊണ്ട് അവരിലും ആശ്രയിക്കുന്നവർക്ക് അയ്യോ കഷ്ടം!"

- യെശയ്യാവ് 31:1

ഗോത്രങ്ങൾ തേടി..... 131

(രാജസ്ഥാൻ -11)

# വിദ്യാഭ്യാസം

**ജനസംഖ്യ : (0-06 വയസ്സുവരെ) 10 ദശലക്ഷം (1 കോടി)**

**സംസ്ഥാന സാക്ഷരതാ നിരക്ക് : 67%**

**പ്രൈമറി സ്കൂൾ തലത്തിൽ പഠനം ഉപേക്ഷിച്ചവർ : 39%**

**പിന്നാക്ക വിഭാഗത്തിൽ നിന്നുള്ള കുട്ടികളുടെ വിദ്യാഭ്യാസമാണ് രാജസ്ഥാനിലെ ഒരു പ്രധാന വെല്ലുവിളി. ഇവരിൽ പഠനമുപേക്ഷിച്ചു പോകുന്നവരുടെ നിരക്ക് വളരെ കൂടുതലാണെന്നത് തുല്യപ്രാധാന്യത്തോടെ പ്രതിപാദിക്കേണ്ട വിഷയമാണ്.**







**രാ**ജസ്ഥാന്റെ വിദൂരകോണിൽ ജീവിക്കുന്ന 12 വയസ്സുള്ള മധുബാലയുടെ ജീവിതം അവളുടെ മുൻതലമുറകളിലെ പെൺകുട്ടികളിൽ നിന്നും വ്യത്യസ്തമായിരുന്നില്ല. പതിനൊന്നാം വയസ്സിൽ വിവാഹിതയായ അവൾ തന്റെ ഭർത്താവിന്റെ കുടുംബത്തിലെ കാര്യങ്ങൾ നോക്കാൻ പ്രാപ്തയാകുന്നതുവരെ കർഷകരായ സ്വന്തം മാതാപിതാക്കൾക്കൊപ്പം ഭവനത്തിൽ താമസിച്ചു പോന്നു.

ജനജീവിതം വളരെ ദുസ്സഹമായ മരുപ്രദേശങ്ങളിൽ, സാധാരണയായി പെൺകുട്ടികളും തങ്ങളുടെ കുടുംബത്തിന്റ നിലനിൽപ്പിനായി അവരുടെ മുഴുവൻ സമയവും ചെലവഴിക്കുന്നു. "ഞാൻ സധാരണയായി കുടുംബത്തിലെ കന്നുകാലികളെ നോക്കുകയും വെള്ളവും വിറകും ശേഖരിക്കുകയും അതു കൂടാതെ എനിക്കു താഴെയുള്ള 5 സഹോദരങ്ങളെ നോക്കുകയും ചെയ്തിരുന്നു" - മധുബാല ഓർക്കുന്നു.

എന്നാൽ ഇപ്പോൾ അവളുടെ ജീവിതം ഒരു പുതിയ വഴിത്തിരിവിലാണ്. പതിവിൽ നിന്നു മാറി, തന്റെ സ്കൂളിലെ ഒഴിവുസമയങ്ങളിൽ കമ്പ്യൂട്ടറിനു മുന്നിലിരുന്നു പല കാര്യങ്ങളും ചെയ്യുന്ന വളരെ പ്രസന്നവദനയായ മധുബാലയെയാണ് ഇപ്പോൾ കണ്ടത്. ഈ അസാധാരണമായ ഒരു മാറ്റം അവളിലുണ്ടായത് ഒരു വർഷം മുൻപ്, വളരെ കഷ്ടപ്പെട്ട് അവളുടെ മാതാപിതാക്കളെ സമ്മതിപ്പിച്ച് വീടിനടുത്തുള്ള റസിഡൻഷ്യൽ സ്കൂളിൽ ചേർന്നു പഠനം തുടങ്ങിയത് മുതലാണ്. അവളിലുണ്ടായ മാറ്റത്തിൽ അവളുടെ മാതാപിതാക്കളും അഭിമാനിക്കുന്നു. അവളുടെ രൂപത്തിലും സ്വഭാവത്തിലും ഉണ്ടായ മാറ്റം അവരുടെയും കൂടി നന്മയ്ക്കാണെന്ന് മാതാപിതാക്കൾ വിശ്വസിക്കുന്നു.

രാജസ്ഥാനിൽ വിദ്യാഭ്യാസം, പ്രത്യേകിച്ചും പെൺകുട്ടികളുടേത് ഒരു അവഗണിക്കപ്പെട്ട കാര്യമാണ്. വളരെയധികം കഴിവുകളുണ്ടായിട്ടും പരമ്പരാഗതമായി പെൺകുട്ടികൾക്ക് തങ്ങളുടെ അടിസ്ഥാന അവകാശങ്ങൾ പോലും നിഷേധിക്കപ്പെടുന്നു. എന്നാൽ കഴിഞ്ഞ ചില പതിറ്റാണ്ടുകളായിട്ടുള്ള തീവ്രപരിശ്രമം കൊണ്ട് അവിശ്വസനീയമായ ഫലം കൈവരിച്ചിട്ടുണ്ട്.

ഇന്ന് രാജസ്ഥാനിലെ ഏകദേശം എല്ലാ ഗ്രാമങ്ങളിലും പ്രൈമറി സ്കൂളുകളുണ്ട്. ഒരു കുട്ടി പോലും ഒരു കിലോമീറ്ററിൽ കൂടുതൽ നടന്ന് സ്കൂളിൽ പോകാൻ പാടില്ല എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കിയ രാജീവ്ഗാന്ധി സ്വർണ്ണജയന്തി സ്കൂളുകൾ ആയിരത്തോളം നാട്ടുഗ്രാമങ്ങളിൽ തുടങ്ങിയിട്ടുണ്ട്. എന്നാൽ പഠനം പാതിവഴിയിൽ ഉപേക്ഷിച്ചു പോകുന്നവരുടെ നിരക്കു കൂടുന്നതാണ് ഇപ്പോഴത്തെ പ്രധാന വെല്ലുവിളി. സാമ്പത്തികമായി ബുദ്ധിമുട്ടുന്ന കുടുംബത്തിന്റെ നിലനിൽപ്പിനായി മാതാപിതാക്കളെ സഹായിക്കുവാൻ പഠനമുപേക്ഷിച്ചു ജോലി ചെയ്യുവാൻ കുട്ടികൾ നിർബന്ധിതരാകുന്നു.

മറ്റൊരു കാരണം സമൂഹത്തിലെ പിന്നാക്ക വിഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾക്കു വിദ്യാഭ്യാസത്തിന്റെ ആവശ്യം എന്താണെന്നുള്ള അവബോധം ഇനിയും ഉണ്ടായിട്ടില്ല എന്നുള്ളതാണ്. ഇത് സ്കൂളുകളിലെ മോശമായ പ്രകടനങ്ങൾക്കു വഴി തെളിക്കുന്നു. ഈ ഘടകങ്ങളെല്ലാം തന്നെ വിരൽ ചൂണ്ടുന്നത് ഇപ്പോഴും രാജസ്ഥാനിൽ ശരിയായ ദിശയിലുള്ള വിദ്യാഭ്യാസത്തിന്റെ ആവശ്യം ഉണ്ട് എന്ന വസ്തുതയിലേക്കാണ്.

ദൈവത്തെയും ദൈവത്തിന്റെ പ്രവൃത്തികളെയും കുട്ടികളുടെ ഹൃദയത്തിൽ എത്തിക്കുവാനുള്ള ഒരു നല്ല മാർഗ്ഗം വിദ്യാഭ്യാസം കൊടുക്കുക എന്നതാണ്. രാജസ്ഥാനിലുള്ള കുട്ടികളുടെ വിദ്യാഭ്യാസം വ്യാപിപ്പിക്കുന്നതിലൂടെ സമൂഹത്തിന് ഉപകാരപ്രദവും നല്ല അച്ചടക്കവും സ്വഭാവഗുണവുമുള്ള വിദ്യാസമ്പന്നരായ ഒരു തലമുറയെ വാർത്തെടുക്കുവാൻ ഇടയാകും.

### പ്രാർത്ഥനയ്ക്കായി

- വിദ്യാസമ്പന്നരും വരും തലമുറയ്ക്ക് മാതൃകയാക്കാൻ കഴിയുന്നതുമായ നിലയിൽ ഒരു തലമുറയെ ദൈവം ഉയർത്തുവാൻ....
- പഠിപ്പിക്കുന്ന അധ്യാപകർക്ക് ദൈവം പരിജ്ഞാനം നൽകി തങ്ങളുടെ കടമ കൃത്യതയോടെ ചെയ്യേണ്ടതിനായി...
- അധികാരസ്ഥാനങ്ങളിലുള്ളവർക്ക് വിദ്യാഭ്യാസമേഖലയെക്കുറിച്ച് ശരിയായ നിലയിലുള്ള തീരുമാനങ്ങളെടുക്കാൻ ദൈവം സഹായിക്കുവാനായി..

**ഇ.ജെ.പി.** (കടപ്പാട്: എൻ.എൽ.സി.ഐ.)

# പൗലോസിന്റെ വിശ്വാസ ജീവിത സാക്ഷ്യം

**പി.ഒ. ജോണി, ഉദയംപേരൂർ**

**ദൈവം നൽകിയ വിശുദ്ധിയും നിർമ്മലതയും വിശ്വാസ ജീവിതത്തിൽ കൈമുതലാക്കി, മനഃസാക്ഷിയുടെ സാക്ഷ്യം പ്രശംസയായി കരുതിയ ശ്രേഷ്ഠ ദൈവദാസനായിരുന്നു അപ്പൊസ്തലനായ പൗലോസ് (2 കൊരി. 1:12). പൗലോസിന്റെ ജീവചരിത്രവും, വിശ്വാസ ജീവിതചരിത്രവും ഏതാണ്ട് ഒരു അളവുവരെ തിരുവചനത്തിൽ നിന്നു നമുക്കു ലഭിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ പുസ്തകത്തിലും ലേഖനങ്ങളിലും അവ ചിതറി കിടക്കുന്നു.**

**ജീവചരിത്രത്തിൽ നിന്ന് ചരിത്രം മാറ്റിയാൽ മഹത്വകരമായ ഒരു ജീവിതസാക്ഷ്യം– വിശ്വാസ ജീവിത സാക്ഷ്യം– പൗലോസിൽ നമുക്കു ദർശിക്കുവാൻ കഴിയുന്നു. "എത്രനാൾ ജീവിച്ചു എന്നതല്ല; എപ്രകാരം ജീവിച്ചു" എന്നതാണ് ഒരു വ്യക്തിയുടെ ജീവിത മഹത്വത്തിന്റെ മാനദണ്ഡം. വിജയകരമായ ക്രിസ്തീയ ജീവിതത്തിനും ഫലകരമായ ശുശ്രൂഷയ്ക്കും ജീവിത സാക്ഷ്യം എത്രയും പ്രാധാന്യമർഹിക്കുന്നു. അപ്പൊസ്തലനായ പൗലോസിന്റെ വിശ്വാസ ജീവിത സാക്ഷ്യത്തിലേക്ക് ഒരു എത്തിനോട്ടം എന്ന നിലയിൽ പൗലോസ് തന്റെ "വാക്കിനാലും നാവിനാലും" ആരംഭിച്ച് അവസാനിപ്പിക്കുന്നു. കലർപ്പില്ലാത്ത തിരുവചനത്തിലൂടെ നമുക്ക് ഒന്നു കണ്ണോടിക്കാം; പൗലോസിന്റെ സ്വന്തം വാക്കുകളിലൂടെ മാത്രം:**

"**ഞാൻ** കിലിക്യയിലെ തർസോസിൽ ജനിച്ച യഹൂദനും ഈ നഗര (യെരുശലേം)ത്തിൽ വളർന്നു ഗമാലിയേലിന്റെ കാൽക്കൽ ഇരുന്നു പിതാക്കന്മാരുടെ ന്യായപ്രമാണം സൂക്ഷ്മതയോടെ അഭ്യസിച്ചവനുമാകയാൽ നിങ്ങൾ എല്ലാവരും ഇന്നു ഇരിക്കുന്നതുപോലെ ദൈവസേവയിൽ എരിവുള്ളവനായിരുന്നു" (പ്രവൃ. 22:3,4). "എന്റെ ജാതിക്കാരുടെ ഇടയിലും യെരുശലേമിലും ആദിമുതൽ ബാല്യം തുടങ്ങിയുള്ള എന്റെ നടപ്പു യെഹൂദന്മാർ എല്ലാവരും അറിയുന്നു. ഞാൻ നമ്മുടെ മാർഗ്ഗത്തിൽ സൂക്ഷ്മതയേറിയ മതഭേദപ്രകാരം പരീശനായി ജീവിച്ചു എന്നു അവർ ആദിമുതൽ അറിയുന്നു; അവർക്ക് മനസ്സുണ്ടെങ്കിൽ സാക്ഷ്യം പറയാം" (പ്രവൃ. 26:9).

"ഞാൻ പുരുഷന്മാരേയും സ്ത്രീകളെയും പിടിച്ചു കെട്ടി തടവിൽ ഏല്പിച്ചും ഈ മാർഗ്ഗക്കാരെ കൊല്ലുവാനും മടിക്കാതെ ഉപദ്രവിച്ചും വന്നു. അതിന്നു മഹാപുരോഹിതനും മൂപ്പന്മാരുടെ സംഘം ഒക്കെയും എനിക്കു സാക്ഷികൾ. അവരോടു എഴുത്തു വാങ്ങിക്കൊണ്ടു ദമസ്കോസിൽ പാർക്കുന്നവരേയും പിടിച്ചു കെട്ടി യെരുശലേമിലേക്കു കൊണ്ടുവരേണ്ടതിനു ഞാൻ അവിടേക്കു യാത്രയായി. അങ്ങനെ പ്രയാണം ചെയ്ത് ദമസ്കൊസിനോടടുത്തപ്പോൾ ഏകദേശം ഉച്ചയ്ക്കു പെട്ടെന്നു വലിയൊരു വെളിച്ചം എന്റെ ചുറ്റും മിന്നി. ഞാൻ നിലത്തു വീണു: ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്ത് എന്ന് എന്നോടു പറയുന്ന ഒരു ശബ്ദം കേട്ടു" (പ്രവൃ. 22:4–7).

"നീ ആരാകുന്നു കർത്താവേ, എന്നു ഞാൻ ചോദിച്ചതിന് കർത്താവ്: നീ ഉപദ്രവിക്കുന്ന യേശു തന്നേ ഞാൻ; എങ്കിലും എഴുന്നേറ്റു നിവർന്നു നില്ക്ക, നീ എന്നെ കണ്ടതിനും ഇനി ഞാൻ നിനക്കു പ്രത്യക്ഷൻ ആവാനിരിക്കുന്നതിനും നിന്നെ ശുശ്രൂഷകനും സാക്ഷിയുമായി നിയമിപ്പാൻ ഞാൻ നിനക്കു പ്രത്യക്ഷനായി. ജനത്തിന്റെയും ജാതികളുടെയും കയ്യിൽ നിന്നു ഞാൻ നിന്നെ രക്ഷിക്കും. അവർക്ക് പാപമോചനവും എന്നിലുള്ള വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന് അവരുടെ കണ്ണു തുറപ്പാനും അവരെ ഇരുളിൽ നിന്നു വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽ നിന്നു ദൈവത്തിങ്കലേക്കു തിരിപ്പാനും ഞാൻ ഇപ്പോൾ നിന്നെ അവരുടെ അടുക്കൽ അയയ്ക്കുന്നു എന്നു കല്പിച്ചു" (പ്രവൃ. 26:15–18).

"മുമ്പേ ഞാൻ ദൂഷകനും ഉപദ്രവിയും നിഷ്ഠുരനും ആയിരുന്നു; എങ്കിലും അവിശ്വാസത്താൽ അറിയാതെ ചെയ്തതാകകൊണ്ട് എനിക്കു കരുണ ലഭിച്ചു" (1 തിമൊ. 1:13).

"എല്ലാവർക്കും ഒടുവിൽ അകാലപ്രജപോലെ എനിക്കും പ്രത്യക്ഷനായി; ഞാൻ അപ്പൊസ്തലന്മാരിൽ ഏറ്റവും ചെറിയവനല്ലോ; ദൈവസഭയെ ഉപദ്രവിച്ചതിനാൽ അപ്പൊസ്തലൻ എന്ന പേരിനു യോഗ്യനുമല്ല" ( 1 കൊരി. 15: 8,9).

"എങ്കിലും എന്റെ ജനനം മുതൽ എന്നെ വേർതിരിച്ചു തന്റെ കൃപയാൽ വിളിച്ചിരിക്കുന്ന ദൈവം തന്റെ പുത്രനെ കുറിച്ചുള്ള സുവിശേഷം ഞാൻ ജാതികളുടെ ഇടയിൽ അറിയിക്കേണ്ടതിനു അവനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ ഞാൻ മാംസരക്തങ്ങളോടു ആലോചിക്കയോ എനിക്കു മുമ്പേ അപ്പൊസ്തലന്മാരായവരുടെ അടുക്കൽ യെരുശലേമിലേക്കു പോകയോ ചെയ്യാതെ നേരേ അറബിയിലേക്കു പോകയും ദമസ്കൊസിലേക്കു മടങ്ങിപ്പോരുകയും ചെയ്തു" (ഗലാ. 1:15–17).

"അവൻ എന്നോടു: നീ പോക, ഞാൻ നിന്നെ ദൂരത്തുള്ള ജാതികളുടെ അടുക്കലേക്കു അയയ്ക്കും എന്നു കല്പിച്ചു" (പ്രവൃ. 22:21). "എന്നാൽ ജാതികളായ നിങ്ങളോടു ഞാൻ പറയുന്നത്: ജാതികളുടെ അപ്പൊസ്തലനായിരിക്കയാൽ ഞാൻ എന്റെ സ്വന്ത ജാതിക്ക് വല്ലവിധേനയും സപർദ്ധ ജനിപ്പിച്ചു അവരിൽ ചിലരെ രക്ഷിക്കാമെങ്കിലോ എന്നു വിചാരിച്ച് ഞാൻ എന്റെ ശുശ്രൂഷയെ പുകഴ്ത്തുന്നു" (റോമ. 11:13,14). "സഹോദരന്മാരേ, അവർ രക്ഷിക്കപ്പെടേണം എന്നു തന്നേ എന്റെ ഹൃദയവാഞ്ഛയും അവർക്കുവേണ്ടി ദൈവത്തോടുള്ള യാചനയും ആകുന്നു" (റോമ. 10:1). "യഹൂദന്മാരെ നേടേണ്ടതിന് ഞാൻ യെഹൂദന്മാരെപ്പോലെ ആയി; ന്യായപ്രമാണത്തിൻ കീഴുള്ളവരെ നേടേണ്ടതിന് ഞാൻ ന്യായപ്രമാണത്തിൻ കീഴുള്ളവനല്ല എങ്കിലും ന്യായപ്രമാണത്തിൻ കീഴുള്ളവർക്കു ന്യായപ്രമാണത്തിൻ കീഴുള്ളവനെപ്പോലെ ആയി" (1 കൊരി. 9:20). "ഏതു വിധത്തിലും ചിലരെ നേടേണ്ടതിന് ഞാൻ എല്ലാവർക്കും എല്ലാമായിതീർന്നു" (1 കൊരി. 9:22).

"അതു നിമിത്തം പൗലോസ് എന്ന ഞാൻ നിങ്ങൾക്കു വേണ്ടി ക്രിസ്തുയേശുവിന്റെ ബദ്ധനായിരിക്കുന്നു" (എഫെ. 3:1). "എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു" (ഫിലി. 1:21). "സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനായ എനിക്ക് ജാതികളോടു ക്രിസ്തുവിന്റെ അപ്രമേയ ധനത്തെക്കുറിച്ച് പ്രസംഗിപ്പാനും സകലവും സൃഷ്ടിച്ച ദൈവത്തിൽ അനാദികാലം മുതൽ മറഞ്ഞു കിടന്ന മർമ്മത്തിന്റെ വ്യവസ്ഥ ഇന്നതെന്നു പ്രകാശിപ്പിപ്പാനുമായി ഈ കൃപ നൽകിയിരിക്കുന്നു" (എഫെ. 3: 8,9).

"എനിക്കു ലഭിച്ച കൃപയ്ക്ക് ഒത്തവണ്ണം ഞാൻ ജ്ഞാനമുള്ളോരു പ്രധാന ശില്പിയായി അടിസ്ഥാനം ഇട്ടിരിക്കുന്നു. മറ്റൊരുത്തൻ മീതെ പണിയുന്നു" (1 കൊരി. 3:10).

"സഹോദരന്മാരേ, ഞാൻ അറിയിച്ച സുവിശേഷം മാനുഷമല്ല എന്നു നിങ്ങളെ ഗ്രഹിപ്പിക്കുന്നു. അതു ഞാൻ മനുഷ്യരോടു പ്രാപിച്ചിട്ടില്ല പഠിച്ചിട്ടുമില്ല, യേശുക്രിസ്തുവിന്റെ വെളിപ്പാടിനാൽ അത്രേ പ്രാപിച്ചത്" (ഗലാ. 1:12). "ക്രിസ്തുവിന്റെ ക്രൂശു വ്യർത്ഥമാകാതിരിക്കേണ്ടതിന് വാക്ചാതുര്യത്തോടെ അല്ല താനും (1 കൊരി. 1:7). "അതു പൂർവ്വ കാലങ്ങൾക്കും തലമുറകൾക്കും മറഞ്ഞു കിടന്ന മർമ്മം എങ്കിലും ഇപ്പോൾ തന്റെ വിശുദ്ധന്മാർക്ക് വെളിപ്പെട്ടിരിക്കുന്നു. അവരോടു ജാതികളുടെ ഇടയിൽ ഈ മർമ്മത്തിന്റെ മഹിമാധനം എന്തെന്നറിയിപ്പാൻ ദൈവത്തിന്നു ഇഷ്ടമായി" (കൊലോ. 1:26,27). "അതിനായി എന്നിൽ വ്യാപരിക്കുന്ന ശക്തിക്കു ഒത്തവണ്ണം പോരാടിക്കൊണ്ടു അധ്വാനിക്കുന്നു" (കൊലോ. 1:29). "എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല; എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിന്ന് സാക്ഷ്യം പറയേണ്ടതിന്, കർത്താവായ യേശു തന്ന ശുശ്രൂഷയും തികയ്ക്കേണം എന്നേ എനിക്കുള്ളൂ" (പ്രവൃ. 20:24). "അങ്ങനെ ഞാൻ ഓടിയതും അധ്വാനിച്ചതും വെറുതെയായില്ല എന്നു ക്രിസ്തുവിന്റെ നാളിൽ എനിക്കു പ്രശംസ ഉണ്ടാകും" (ഫിലി. 2:16).

"ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനേ വിരുതു പ്രാപിക്കുന്നുള്ളു എന്നു അറിയുന്നില്ലയോ? നിങ്ങളും പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ" ( 1 കൊരി. 9:24).

"ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല, ഒന്നു ഞാൻ ചെയ്യുന്നു, പിന്നിലുള്ളതു മറന്നും മുമ്പിലുള്ളതിന് ആഞ്ഞും കൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു" (ഫിലി. 3:13,14).

"ആകയാൽ ഞാൻ നിശ്ചയമില്ലാത്തവണ്ണമല്ല ഓടുന്നത്; ആകാശത്തെ കുത്തുന്നതുപോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നത്. മറ്റുള്ളവരോട് പ്രസംഗിച്ചശേഷം ഞാൻ തന്നേ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കുകയത്രേ ചെയ്യുന്നത്" ( 1 കൊരി. 9:26,27).

"ഞാനോ ഇപ്പോൾ തന്നേ പാനീയയാഗമായി ഒഴിക്കപ്പെടുന്നു; എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു; ഞാൻ നല്ല പോർ പൊരുതു ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ എനിക്കു നൽകും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയം വച്ച ഏവർക്കും കൂടെ" (2 തിമൊ. 4:6–8).

*എത്രയോ മഹത്വകരമായ വിശ്വാസജീവിത സാക്ഷ്യം! നിങ്ങൾ എന്റെ അനുകാരികൾ ആകുവിൻ (1 കൊരി. 4:16) എന്ന ശ്രേഷ്ഠപ്രബോധനം നമുക്കു നൽകി വിട്ടു പിരിഞ്ഞ് ക്രിസ്തുവിനോടു കൂടെ ഇരിക്കുന്ന ശ്രേഷ്ഠ കർത്തൃദാസൻ വെച്ചേച്ചു പോയ മാതൃക പിൻപറ്റാം. നമ്മുടെ വിശ്വാസ ജീവിതത്തെയും ശുശ്രൂഷകളെയും നമുക്ക് പരിപോഷിപ്പിക്കാം. "നമ്മുടെ കർത്താവു വരുന്നു."*



വന്ന വഴികൾ – 51

# സീതാപ്പൂരിലേക്ക് ക്രിസ്തുവിന്റെ സാക്ഷിയായി...

**മതപരിവർത്തനത്തിനെതിരായി പാർലമെന്റിൽ ബിൽ കൊണ്ടുവന്ന ത്യാഗിയുടെ സ്ഥലം. ബിൽ പാസാക്കാൻ കഴിയാതെ മൊറാർജി മന്ത്രിസഭയും നിലംപതിച്ചു.**

**ഇ.ജെ. പൈലി, അങ്കമാലി**

യു.പി.യിലെ സീതാപ്പൂരിലേക്ക് പോസ്റ്റൽ ഡിപ്പാർട്ടുമെന്റിൽ നിന്നും നിയമനം തന്ന വിവരം കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചുവല്ലോ. അത് റദ്ദാക്കപ്പെട്ടു എങ്കിലും കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷവുമായി അതേ സ്ഥലത്തേക്ക് 1-7-1991-ൽ ഏറ്റുമാനൂർകാരനായ ജോൺ മാത്യു ഒരുമിച്ച് എനിക്ക് യാത്ര തിരിക്കുവാൻ കർത്താവ് ഇടയാക്കി. "ദൈവമെയെത്ര അഗാധമഹോ നിൻ ദിവ്യവിചാരണകൾ" എന്നു പാടുവാൻ കഴിയും. ലക്നോവിലെ ഒ.എം. ഓഫീസിൽ രാത്രി വിശ്രമിച്ചശേഷം വാഹനവും ലിറ്ററേച്ചറുമായി സീതാപ്പൂരിലെത്തി. ടീമിന് താമസസൗകര്യം വാഗ്ദാനം ചെയ്തിരുന്ന ടീച്ചർ സ്ഥലത്തില്ലായിരുന്നു. 6-7-91 മുതൽ ഗ്രാമങ്ങളിൽ പോയി പ്രവർത്തനമാരംഭിച്ചു. രണ്ടു ദിവസങ്ങൾ ഡൽഹി റൂട്ടിലുള്ള ഗ്രാമങ്ങളിലാണ് പോയത്. ഒരു ദിവസം തന്നെ അഞ്ചു ബൈബിൾ ചെലവായി. ഒരു ഗ്രാമത്തിൽ ഒരു സ്ത്രീ സർബത്ത് തന്ന് ഞങ്ങളെ സൽക്കരിച്ചു. വീട്ടുകാരൻ ഞങ്ങളോടു ചോദിക്കുകയാണ്, "നിങ്ങൾ വീണ്ടും വരുമോ?" ശ്രദ്ധേയമായ ചോദ്യം. ഇനിയും ആർ സുവിശേഷവുമായി പോകും?

സന്തോഷകരമായ പല അനുഭവങ്ങളും സീതാപ്പൂരിനു ചുറ്റുപാടുമുള്ള ഗ്രാമങ്ങളിൽ ഉണ്ടായി. ഒരു ഗ്രാമത്തിൽ ഒരു ബി.എസ്സി വിദ്യാർത്ഥി ഞങ്ങൾക്കിരിക്കുവാൻ 3 കസേരകൾ കൊണ്ടുവന്നു തന്നു. 18-നു സീതാപ്പൂരിലെ പോസ്റ്റൽ സൂപ്രണ്ട് മിസ്റ്റർ മിശ്രയെ സന്ദർശിച്ചു. ഞാൻ വന്നിരിക്കേണ്ട ആഫീസായിരുന്നു. എന്നാൽ ക്രൂശിന്റെ സാക്ഷിയായി ആ സ്ഥലത്തു വരുവാൻ കർത്താവ് കൃപ ചെയ്തു. ദൈവത്തിനു സ്തോത്രം. സ്ഥലവാസിയും ഒരു നാമധേയ ക്രിസ്ത്യാനിയുമായ ലക്കൻസിങ്ങ് ഞങ്ങൾക്കു വളരെ സഹായിയായിരുന്നു. തന്നോടും ഭാര്യയോടും സുവിശേഷം അറിയിച്ചപ്പോൾ അവർ ഇരുവരും കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചു. രാവിലെ 6 മണിക്കു മുമ്പെ തന്നെ ഞങ്ങൾ ഗ്രാമങ്ങളിലേക്കു പുറപ്പെടുമായിരുന്നു. 20-7-91 വരെയായിരുന്നു സീതാപ്പൂരിലെ അവസാന പ്രവർത്തനദിവസം. അന്ന് ടൗണിൽ അഞ്ചു സ്ഥലങ്ങളിൽ നിന്ന് പരസ്യയോഗങ്ങൾ നടത്തുവാൻ കർത്താവ് ബലപ്പെടുത്തി. മേബൽ ജോൺസ് ഹോളിലാണ് ഞങ്ങൾ താമസിച്ചത്. ഡോ. സ്റ്റാൻലി ജോൺസ് സ്ഥാപിച്ച ഒരു ആശ്രമത്തിന്റെ ഭാഗമായിരുന്നു അത്. അതിന്റെ ചുമതലക്കാർ വളരെ സ്നേഹപൂർവ്വം പെരുമാറി.

അടുത്ത പ്രവർത്തനസ്ഥലം ബെഹറായ്ച്ച് ആയിരുന്നു. മതപരിവർത്തനത്തിനെതിരായി പാർലമെന്റിൽ ബിൽ കൊണ്ടുവന്ന ത്യാഗിയുടെ സ്ഥലം. അദ്ദേഹം മരിച്ചു പോയി. ബിൽ പാസാക്കാൻ കഴിയാതെ മൊറാർജി മന്ത്രിസഭയും നിലംപതിച്ചു. അനേക വർഷങ്ങൾക്കു മുമ്പ് മിഷനറിമാർ സ്ഥാപിച്ച ഒരു ആശുപത്രി കോമ്പൗണ്ടിലാണ് ഞങ്ങൾക്ക് താമസസൗകര്യം ലഭിച്ചത്. ആശുപത്രിയും പള്ളിയും സ്കൂളും എല്ലാം ഒരു കോമ്പൗണ്ടിൽ തന്നെ. ആശുപത്രിയിലെ രോഗികളോടും സുവിശേഷമറിയിപ്പാൻ സാധിച്ചു. അവിടെ നിന്നും 8 കി.മീ.അകലെ നവോദയ സ്കൂളിൽ ഒരു നല്ല പ്രവർത്തനം നടന്നു. തുറന്ന ഗ്രൗണ്ടിൽ കുട്ടികളും അധ്യാപകരും നിരന്നു നിന്ന് സുവിശേഷം കേട്ടു. പുസ്തകങ്ങൾ വാങ്ങുവാൻ ആവശ്യപ്പെട്ടപ്പോൾ പ്രിൻസിപ്പൽ പറഞ്ഞു, അവരുടെ കൈയ്യിൽ പണമില്ലായെന്ന് (അത് വാസ്തവമല്ലായിരുന്നു). ആ സ്കൂളിലെ കുട്ടികൾ 11 ബൈബിളും 100 പുതിയനിയമങ്ങളും മറ്റു പുസ്തകങ്ങളും വാങ്ങി. ബൈബിൾ എല്ലാം തീർന്നതുകൊണ്ട് ബഹ്റായ്ച്ചിൽ പോയി എടുത്തു കൊണ്ടുവരേണ്ടി വന്നു. ഒരു ഗ്രാമത്തിൽ ക്രിസ്തുവിന്റെ പേരുപോലും കേട്ടിട്ടില്ലെന്നു ചിലർ പറഞ്ഞു.

ഇവിടെ നിന്നും ലിറ്ററേച്ചർ എടുക്കാൻ ലക്നോവിൽ പോയി മടങ്ങുമ്പോൾ ജീപ്പ് കേടായി വഴിയരികിൽ കിടക്കേണ്ടി വന്നു, ജോൺ വർഗീസ് ബാരബങ്കി എന്ന സ്ഥലത്തു പോയി വണ്ടിയുടെ ചില സാധനങ്ങൾ വാങ്ങി വന്നപ്പോൾ രാത്രി 11.15 ആയി. ആൾതാമസമൊന്നുമില്ലാത്ത വഴിയരികിൽ ഞങ്ങൾ വാഹനവുമായി ഇരുന്നു. കുറെ കഴിഞ്ഞപ്പോൾ എല്ലാവരും ഉറങ്ങിപ്പോയി. കൊള്ളക്കാരുടെ ശല്യമുള്ള പ്രദേശമാണതെന്ന് പിന്നീടാണ് മനസ്സിലായത്. ഒരു മെക്കാനിക്കിനെ വിളിച്ചു കൊണ്ടുവരുവാൻ ഞാനും ജോൺ മാത്യു സഹോദരനും കൂടെ രാത്രി അല്പം അകലെ രാംനഗർ എന്ന സ്ഥലത്തു പോകേണ്ടി വന്നു. ബസ്സൊന്നും നിറുത്താതിരുന്നതുകൊണ്ട് അർദ്ധരാത്രി അടഞ്ഞുകിടന്ന കടയുടെ മുമ്പിൽ രണ്ടു ബെഞ്ചുകളിൽ ഞങ്ങൾ കിടന്നുറങ്ങി. ഇങ്ങനെ വൈഷമ്യ സാഹചര്യങ്ങളിലൊക്കെ കർത്താവിന്റെ അത്ഭുത പരിപാലനം ലഭിച്ചതോർക്കുകയാണ്. ജോൺ മാത്യു ചില വർഷങ്ങൾക്കു ശേഷം ഒരപകടത്തിൽ പെട്ട് കർത്തൃസന്നിധി ചേരുവാനിടയായി.



സുവിശേഷം ശ്രദ്ധിക്കുന്ന സ്കൂൾകുട്ടികളും അദ്ധ്യാപകരും

**ബസ്സൊന്നും നിറുത്താതിരുന്നതുകൊണ്ട് അർദ്ധരാത്രി അടഞ്ഞുകിടന്ന കടയുടെ മുമ്പിൽ രണ്ടു ബെഞ്ചുകളിൽ ഞങ്ങൾ കിടന്നുറങ്ങി.**

അടുത്ത പ്രവർത്തനസ്ഥലം ഗോണ്ട എന്ന സ്ഥലമായിരുന്നു. അവിടെ റെയിൽവേസ്റ്റേഷനടുത്ത് ഒരു വലിയ ബംഗ്ലാവും കോമ്പൗണ്ടും FMPB എന്ന സുവിശേഷ സംഘടനയുടേതായുണ്ട്. അതിലെ ഒരു മുറി ഞങ്ങൾക്കു ലഭിച്ചു. ഗോണ്ടയിലെ പ്രവർത്തനത്തേപ്പറ്റി അടുത്തതിൽ വിവരിക്കാം.

ബഹ്റായിച്ചിനു സമീപമായിരുന്നു നേപ്പാൾ ബോർഡർ. ഒരു ദിവസം നേപ്പാളിലേക്ക് കടന്നുപോയി. നേപ്പാൾഗഞ്ചിൽ കൂടെ കടന്ന് ഒരു എ.ജി. ചർച്ചും ഒരു നേപ്പാളി കുടുംബവും സന്ദർശിപ്പാനും കുറെ സുവിശേഷപ്രതികൾ മാർക്കറ്റിൽ വിതരണം ചെയ്യുവാനും സാധിച്ചു. അതിർത്തിയിൽ പ്രേം സേവഭവൻ എന്ന പേരിൽ വിദേശമിഷനറിമാർ നടത്തുന്ന ഒരു സ്ഥാപനവും സന്ദർശിച്ചു. നേപ്പാൾ സുവിശേഷത്തിന് അടഞ്ഞു കിടന്ന കാലയളവിൽ അമേരിക്കൻ മിഷനറിമാർ തുടങ്ങിയതാണ് ഈ സ്ഥാപനം. അസംബ്ലീസ് ഓഫ് ഗോഡ് ഇവിടെ ഒരു ഡിസ്പെൻസറി, സ്കൂൾ, അനാഥമന്ദിരം എന്നിവ നടത്തുന്നുണ്ട്. നേപ്പാളിൽ നിന്നും ചികിത്സയ്ക്കായി ആളുകൾ ഇവിടെ വരുന്നു. തിരികെ പോകുമ്പോൾ ട്രാക്റ്റുകൾ കൊടുത്തുവിടും. ഒരു വിദേശവനിതയാണ് ഡോക്ടർ. അവരുടെ ശുശ്രൂഷയ്ക്കായും പ്രാർത്ഥിക്കാം.

## ▶ 1 ദൈവം പ്രാർത്ഥന .....

മഹത്വപ്പെടേണ്ടതിന് ദൈവം വൈകിപ്പിക്കുന്നു. അതിന് കർത്താവിന് അധികാരം ഉണ്ട്. അങ്ങനെ വൈകുന്നത് കൊണ്ട് നമുക്ക് ഒരു ദോഷവും വരുത്തുകയില്ല.

അവസാനമായി, പ്രാർത്ഥനയ്ക്ക് ഉത്തരം തരുന്നില്ല. അതിനും ദൈവത്തിനു അധികാരം ഉണ്ട്. ആ കാര്യത്തിനും വേദാധാരം നാം കാണുന്നു (2 കൊരി. 12:8). ഇവിടെ നാം വായിക്കുന്നത് വെളിപ്പാടുകളുടെ ആധിക്യത്താൽ താൻ അതിയായി നിഗളിച്ചു പോകാതിരിപ്പാൻ. എത്ര നല്ല ദൈവം; സർവ്വജ്ഞാനിയായ ദൈവം, തന്റെ പൈതൽ നിഗളിക്കുവാൻ സാധ്യത ഉണ്ട് എന്നു മനസ്സിലാക്കി ആ പ്രാർത്ഥനയ്ക്ക് മാത്രം മറുപടി നല്കുന്നില്ല.

പ്രിയ ദൈവമക്കളേ. നമ്മുടെ ചില പ്രാർത്ഥനയ്ക്ക് മറുപടി കിട്ടിയില്ല എങ്കിൽ നാം ഓർക്കണം എന്റെ നന്മയ്ക്ക് വേണ്ടി ചെയ്തതാണ്. പൗലോസ് പറയുന്നു എല്ലാറ്റിനും

**നാം പ്രാർത്ഥിക്കുമ്പോഴും ചിലപ്പോഴൊക്കെ മറുപടി വൈകി എന്നു വരാം. എന്നാൽ നാം ഓർക്കേണ്ടത്, നമ്മുടെ പ്രാർത്ഥന തള്ളിയതു കൊണ്ടല്ല, മറിച്ച് അവിടുത്തെ നാമം മഹത്വപ്പെടേണ്ടതിന് ദൈവം വൈകിപ്പിക്കുന്നു. അതിന് കർത്താവിന് അധികാരം ഉണ്ട്.**

അപ്പൊസ്തലനായ പൗലോസ് തന്റെ ശരീരത്തിലെ രോഗം (ശൂലം) മാറണം അതിനുവേണ്ടി താൻ മൂന്നു പ്രാവശ്യം പ്രാർത്ഥിച്ചു എന്നാണ്. എന്നാൽ തന്റെ ദാസന്റെ പ്രാർത്ഥന ദൈവം തള്ളിയില്ല. ആവശ്യപ്രകാരമുള്ള മറുപടി കൊടുത്തില്ല. പൗലോസിന്റെ പ്രാർത്ഥന തന്നെ പഠനവിധേയമാക്കേണ്ടതാണ്. താൻ ഒരു പ്രാർത്ഥനാമനുഷ്യനായിരുന്നു. എപ്പോഴും പ്രാർത്ഥിക്കുകയും മറ്റുള്ളവരെ അങ്ങനെ പഠിപ്പിക്കുകയും ചെയ്തിട്ടുള്ള ക്രിസ്തു ഭക്തൻ തന്റെ പ്രാർത്ഥനയ്ക്ക് പിതാവാം ദൈവം മറുപടി നല്കുന്നില്ല. അതിനു കാരണം താൻ തന്നെ പറയുന്നു. സ്തോത്രം ചെയ്യണം. അതിൽ നാം പ്രാർത്ഥിച്ചിട്ടും ഉത്തരം കിട്ടാത്ത കാര്യത്തിനും സ്തോത്രം ചെയ്യേണം. നമ്മുടെ നന്മയ്ക്കു വേണ്ടിയാണ് മറുപടി തരാത്തത്. എന്തു നന്മയാണ് എന്ന് ഒരുപക്ഷേ ഇപ്പോൾ നമുക്ക് മനസ്സിലായില്ല എന്നു വരാം. പാട്ടുകാരൻ പാടുന്നതുപോലെ: 'നീ തരുന്ന ശോധന വേദനകൾ നന്മയെന്ന്; നാളുകൾ കഴിഞ്ഞിടുമ്പോൾ നാഥാ ഞാനറിഞ്ഞിടുന്നു'. ഇപ്പോൾ നമുക്ക് ഉത്തരം കിട്ടിയില്ല എങ്കിലും മടുത്തു പോകാതെ പ്രാർത്ഥിക്കാം നമ്മുടെ കർത്താവ് നമ്മുടെ പ്രാർത്ഥന തള്ളിക്കളയുന്നില്ല. ●

### ബിലീവേഴ്സ് റിലീഫ് ട്രസ്റ്റ് വിദ്യാഭ്യാസ സഹായം

സാമ്പത്തിക വിഷമം അനുഭവിക്കുന്ന വിശ്വാസികളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്നതിനായി ദോഹ, ദുബായ് സഭകളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന തുക ഈ വർഷവും ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു. 8,9,10 ക്ലാസുകളിൽ പഠിക്കുന്നവർക്ക് ദോഹ സഭയുടേയും 10-ാം ക്ലാസിന് ശേഷമുള്ള പഠനത്തിനു ദുബായ് സഭയുടേയും തുകകളാണ് വിനിയോഗിച്ചുകൊണ്ടിരിക്കുന്നത്. അർഹതയുള്ള വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കൾ താഴെ ചേർത്തിരിക്കുന്ന മാതൃകയിലുള്ള അപേക്ഷ 14"X9" സൈസിലുള്ള വെള്ളക്കടലാസിൽ തയ്യാറാക്കി പൂരിപ്പിച്ച് സഭാമൂപ്പന്മാരുടെ സാക്ഷ്യപത്രത്തോടുകൂടി, ഇക്കൊല്ലത്തെ കോഴ്സ് സർട്ടിഫിക്കറ്റ് സഹിതം 2016 ഓഗസ്റ്റ് 31-ന് മുമ്പ് സെക്രട്ടറിക്ക് കിട്ടത്തക്കവണ്ണം അയയ്ക്കേണ്ടതാണ്. കഴിഞ്ഞ അധ്യയന വർഷം S.S.L.C, XII എന്നിവയുടെ ഫൈനൽ പരീക്ഷകളിൽ 60 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിച്ചവർ മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ ഫോട്ടോകോപ്പി അപേക്ഷയോടുകൂടെ അയയ്ക്കേണ്ടതാണ്. താമസിച്ച് ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. വിലാസം: Mr. K.S. John, Secretary, Believers Relief Trust, Brethren Bible Institute, Elanthoor-Pariyaram P.O., Pathanamthitta, Kerala, India- 689 643. പ്രത്യേക ശ്രദ്ധയ്ക്ക്: (1) വലിപ്പം കൂടിയ പേപ്പർ ഉപയോഗിക്കാൻ പാടില്ല. (2) അപേക്ഷാഫാറത്തിൽ ചോദ്യം എഴുതി അതിനെതിരെ ഉത്തരം നൽകേണ്ടതാണ്. (3) അപേക്ഷകന്റെ മേൽവിലാസം വ്യക്തമായും പൂർണ്ണമായും എഴുതണം. ജില്ലയും പിൻകോഡും പ്രത്യേകം കാണിച്ചിരിക്കണം. (4) കോഴ്സ് സർട്ടിഫിക്കറ്റ് ഇല്ലാത്ത അപേക്ഷ സ്വീകരിക്കയില്ല.

**ബിലീവേഴ്സ് റിലീഫ് ട്രസ്റ്റ് വഴി വിതരണം നടത്തുന്ന ദി ബ്രദറൺ അസംബ്ലി ദോഹ/ദുബായ് വക വിദ്യാഭ്യാസ സഹായത്തിനുള്ള അപേക്ഷ 2015-2016**

1. അപേക്ഷകന്റെ (രക്ഷാകർത്താവിന്റെ) പേര്...............
2. മേൽവിലാസം (ജില്ലയും പിൻകോഡും സഹിതം)...............
...............
...............
3. വിദ്യാർത്ഥിയുടെ പേര് ...............
4. രക്ഷാകർത്താക്കളുടെ തൊഴിലും മാസവരുമാനവും
(1) പിതാവ്............... (2) മാതാവ്...............(3) ആകെ മാസവരുമാനം...............
5. രക്ഷാകർത്താക്കളും വിദ്യാർത്ഥിയും രക്ഷിക്കപ്പെട്ടതാണോ?...............
6. നല്ല സാക്ഷ്യം പുലർത്തി സ്ഥലം സഭാബന്ധത്തിൽ സന്തോഷമായിരിക്കുന്നുവോ?...............
7. രക്ഷാകർത്താക്കളും വിദ്യാർത്ഥിയും ഉൽപ്പെട്ടിരിക്കുന്ന സ്ഥലം ബ്രദറൺ സഭയേത്?...............
8. വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിന്റെ പേര്...............
9. ഏതു ക്ലാസിൽ/ഏതു കോഴ്സിന്/എത്രാം വർഷം പഠിക്കുന്നു...............
10. കഴിഞ്ഞ വർഷം പഠിച്ചിരുന്ന ക്ലാസിൽ നിന്നും വിജയിച്ചോ?...............
(തോറ്റവർ അപേക്ഷിക്കേണ്ടതില്ല)
11. ഈ വർഷത്തെ കോഴ്സ് സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം വച്ചിട്ടുണ്ടോ?...............
അതിന്റെ നമ്പരും തീയതിയും...............
(കോഴ്സ് സർട്ടിഫിക്കറ്റ് ചേർത്ത് അയയ്ക്കാത്ത അപേക്ഷ സ്വീകാര്യമല്ല)
12. കഴിഞ്ഞ വർഷം ദോഹയുടേയോ ദുബായിയുടേയോ സഹായം ലഭിച്ചിട്ടുണ്ടോ...............
എങ്കിൽ എത്ര രൂപാ ...............
13. ഈ വർഷം ഏതിനാണ് അപേക്ഷിക്കുന്നത്? ദോഹയുടെ/ദുബായിയുടെ...............
14. ഈ ട്രസ്റ്റ് വഴി വിതരണം ചെയ്യുന്ന വേറെ ഏതെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ? ...............
എങ്കിൽ വിവരം...............
15. വിദ്യാർത്ഥിയുടെ ഒപ്പ്...............
16. രക്ഷാകർത്താവിന്റെ ഒപ്പ്...............
17. സ്ഥലം ...............തീയതി...............
18. രക്ഷാകർത്താവിന് ബാങ്ക് അക്കൗണ്ട് ഉണ്ടോ?...............
19. രക്ഷാകർത്താവിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ...............
20 ബാങ്കിന്റെ പേരും ബ്രാഞ്ചും...............
21. Phone. No...............Mob.No...............
22. ഈ വിദ്യാർത്ഥിക്ക് സഹായത്തിന് അർഹതയുണ്ടെങ്കിൽ ചെക്ക് ആരുടെ പേരിൽ അയയ്ക്കണം?
...............
...............(സ്വന്തമായി അക്കൗണ്ട് ഇല്ലെങ്കിൽ സഭയിലെ ആരുടെയെങ്കിലും അക്കൗണ്ട് നമ്പരും അവരുടെ പേരും വ്യക്തമായി എഴുതണം)
23. സ്ഥലം സഭയിലെ മൂപ്പന്മാരുടെ/ ചുമതലപ്പെട്ടവരുടെ ശുപാർശ (4 മുതൽ 10 വരെയും 14-ലും ഉള്ള വിവരങ്ങളെക്കുറിച്ച് വ്യക്തമായി സാക്ഷ്യപ്പെടുത്തിയിരിക്കണം. വിദ്യാർത്ഥിയും രക്ഷാകർത്താക്കളും കൂട്ടായ്മയിൽ സംബന്ധിക്കുന്നുണ്ടോ എന്ന് വ്യക്തമായി എഴുതണം.
...............
...............
24. സാക്ഷ്യപ്പെടുത്തിയ മൂപ്പന്മാരുടെ /ചുമതലപ്പെട്ടവരുടെ പേരും വിലാസവും ഒപ്പും ഫോൺ നമ്പരും തീയതിയും
1 ............... 2 ...............

(സഭയുടെ സീൽ)


email : suviseshadhwani2011@gmail.com

അനുസ്മരണം

സോണി പീറ്റർ

## ക്രിസ്തുവിനുവേണ്ടി ശോഭിച്ച സുവിശേഷകൻ

# കെ.എസ്സ്. മാത്യൂ



**മരണം വരെയും തനിക്ക് സ്വന്തമായി ഒരു ഭവനം ഇല്ലായിരുന്നു എങ്കിലും തന്റെ അക്ഷീണപ്രയത്നം മൂലം യോഗ്യമായ സഭാഹോളും സെമിത്തേരിയും ഉണ്ടാകുവാൻ ദൈവം കൃപ നൽകി.**

സുവിശേഷകൻ കെ.എസ്. മാത്യൂ (62) 2016 ജൂൺ 13 തിങ്കളാഴ്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ജൂൺ 15-ന് കോടഞ്ചേരി ബ്രദറൺ സഭയുടെ ചുമതലയിൽ അനേക വിശ്വാസികളുടെയും ബന്ധുമിത്രാദികളുടെയും സാന്നിധ്യത്തിൽ സഭാസെമിത്തേരിയിൽ ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാം എന്ന പ്രത്യാശയിൽ സംസ്കരിച്ചു. കർത്തൃദാസന്മാരായ വി.പി. പൗലോസ് മണ്ണൂർ, ജോസ് മാങ്കുടി വയനാട്, പി.എം. മാത്തുക്കുട്ടി ബാംഗ്ലൂർ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു.

ഒരു യാഥാസ്ഥിതിക യാക്കോബായ കുടുംബത്തിൽ 1954 ഡിസം. 29-ന് സ്കറിയ കാരുവേലിന്റെയും ഏലിയാമ്മയുടെയും മൂത്തമകനായി പാമ്പാടിയിൽ ജനിച്ചു. പിന്നീട് കണ്ണൂർ ജില്ലയിൽ ഇരിട്ടി എരുതുകടവിലേക്ക് കുടുംബം കുടിയേറ്റക്കാരായി എത്തി.

1973 കാലയളവിൽ സുവിശേഷകൻ പി.എം. മാത്യുച്ചായന്റെ പ്രവർത്തനഫലമായി തന്റെ കുടുംബവും തന്റെ ഭാര്യ വത്സമ്മ സഹോദരിയുടെ കുടുംബവും രക്ഷയിലേക്ക് വന്നു. 1981 കാലഘട്ടത്തിൽ സുവിശേഷം കേട്ട് താനും രക്ഷിക്കപ്പെട്ടു. 1982-ൽ വത്സമ്മ സഹോദരിയുമായി വിവാഹം നടന്നു. 1987 കാലയളവിൽ തന്നെക്കുറിച്ചുള്ള ദൈവഹിതം മനസ്സിലാക്കിയ സഹോദരൻ കുമ്പനാട് ബഥനി ബൈബിൾ സ്കൂളിൽ പോയി വചനം അഭ്യസിച്ചു. 1988 മുതൽ 1994 വരെയുള്ള കാലയളവിൽ കീഴ്പ്പള്ളി കേന്ദ്രമായി സുവിശേഷ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നു. 1994-ൽ മീമുട്ടി ബ്രദറൺ സഭയിലെ സുവിശേഷകൻ എന്ന നിലയിൽ കോഴിക്കോട് ജില്ലയിലേക്ക് കടന്നു വന്നു. വേണ്ടത്ര വാഹന സൗകര്യങ്ങൾ ഇല്ലാതിരുന്ന കാലഘട്ടങ്ങളിൽ കാൽനടയായി മിക്കപ്പോഴും ഏകനായി താൻ പ്രിയം വച്ച കർത്താവിന്റെ വേല പൂർത്തീകരിക്കുവാൻ ആവോളം പരിശ്രമിച്ചു. സുവിശേഷ വേലയോടുള്ള തന്റെ ആത്മാർത്ഥ സമീപനവും കഠിന അധ്വാനവും നിമിത്തം 2002-ൽ കോടഞ്ചേരിയിൽ ഒരു സഭാ കൂടിവരവ് ആരംഭിക്കുവാൻ കർത്താവ് കൃപ നൽകി. ഒരു സുവിശേഷകൻ മാത്രമല്ല നല്ല ഒരു ഇടയനും കൂടെ ആയിരുന്നു ഞങ്ങൾക്ക് പ്രിയ സഹോദരൻ. ആഴ്ചയിൽ ഒരിക്കൽ എങ്കിലും അനേക ദൂരം നടന്ന് തന്റെ സഹോദര ഭവനങ്ങളെ സന്ദർശിക്കുന്ന സ്വഭാവം തനിക്ക് ഉണ്ടായിരുന്നു. സഹോദരന്മാരുടെ പ്രതിസന്ധികളിൽ ഒരു ആശ്വാസദായകൻ ആകുന്ന പ്രിയ സഹോദരൻ തന്റെ ഇല്ലായ്മയിലും തനിക്കുള്ളത് മറ്റുള്ളവർക്കു വേണ്ടി പങ്കുവയ്ക്കുന്നതിൽ അത്യുത്സാഹി ആയിരുന്നു. സ്വന്തം കുടുംബത്തേക്കാൾ ഉപരിയായി സഭയെയും ദൈവജനത്തെയും സ്നേഹിച്ച് അവർക്കു വേണ്ടി ജീവിച്ചു. മരണം വരെയും തനിക്ക് സ്വന്തമായി ഒരു ഭവനം ഇല്ലായിരുന്നു എങ്കിലും തന്റെ അക്ഷീണപ്രയത്നം മൂലം യോഗ്യമായ സഭാഹോളും സെമിത്തേരിയും ഉണ്ടാകുവാൻ ദൈവം കൃപ നൽകി. മാത്രമല്ല കോഴിക്കോട് ജില്ലയിലെ പൊതു പ്രവർത്തനങ്ങളിൽ സജീവ പങ്കാളിയായിരുന്നു. അനേക വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന കോഴിക്കോട് ജില്ലയിലെ ഇരുമാസയോഗം പുനരാരംഭിക്കുന്നതിൽ തന്റെ ഉത്സാഹം പ്രശംസനീയമായിരുന്നു. സഭയോടുള്ള എല്ലാ ഉത്തരവാദിത്തവും ദൈവം തനിക്ക് നൽകിയ വേലയും തികച്ച ശേഷമാണ് പ്രിയ സഹോദരൻ കർത്തൃസന്നിധിയിലേക്ക് യാത്രയായത്.

ഞാൻ കുടുംബമായി രക്ഷയിലേക്ക് വന്നത് പ്രിയ സഹോദരന്റെ പ്രവർത്തനം മൂലമാണ്. എന്നിലുള്ള ദൈവവിളി ചൂണ്ടിക്കാണിച്ച പ്രിയ കെ.എസ്. മാത്യൂച്ചായന്റെ വാക്കുകളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് പത്തനംതിട്ടയിൽ ബി.ബി.ഐ. ബൈബിൾ കോളേജ് പഠനത്തിനായി പോകുന്നതിനും ഈ കാലയളവിൽ ദൈവവിളി ബോധ്യപ്പെടുന്നതിനും സുവിശേഷ വേലയ്ക്ക് വേർതിരിയുന്നതിനും ദൈവം എനിക്കും കൃപ നല്കി. താൻ എപ്പോഴും പറയുന്നതു പോലെ "നിന്റെ യൗവ്വനകാലത്ത് നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊൾക" തന്റെ യൗവ്വനം പൂർണ്ണമായും ദൈവനാമ മഹത്വത്തിനായി പ്രയോജനപ്പെടുത്തുവാൻ പ്രിയ സഹോദരന് കൃപ ലഭിച്ചു. "പലരെയും നീതിയിലേക്ക് തിരിക്കുന്നവർ നക്ഷത്രങ്ങൾ പോലെ എന്നും എന്നേക്കും പ്രകാശിക്കും" എന്ന് ഞങ്ങൾ സഭയായി പ്രത്യാശയിൽ ഉറച്ചിരിക്കുന്നു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെയും സഭയെയും പ്രത്യേക പ്രാർത്ഥനയിൽ ഓർത്താലും. ഭാര്യ: വത്സമ്മ. മക്കൾ: സലിം കെ. മാത്യു, കെസിയ മാത്യു, അബിയ മാത്യു. മരുമകൾ: മിനി. കൊച്ചുമക്കൾ: ഹെൽന, ലിയാന

# ബൈബിൾ ക്വിസ് -108

## (സങ്കീർത്തനങ്ങൾ)

1. "അടിസ്ഥാനങ്ങൾ മറിഞ്ഞു പോയാൽ നീതിമാൻ എന്തു ചെയ്യും" എന്നു പാടിയാർ?
2. "യഹോവേ എന്റെ അസ്ഥികൾ ഭ്രമിച്ചിരിക്കുന്നു; എന്നെ സൗഖ്യാമാക്കേണമെ" എന്നു പാടിയാർ?
3. "ഞാനോ ഒരു മനുഷ്യനല്ല, കൃമിയത്രേ" എന്നു പറഞ്ഞതാർ?
4. "യഹോവേ, എന്നോടു വാദിക്കുന്നവരോടു വാദിക്കേണമെ" എന്നു പാടിയതാർ?
5. അവരെ പാതാളത്തിന് ആടുകളായി ഏല്പിച്ചിരിക്കുന്നു; മൃത്യു അവരെ മേയിക്കുന്നു. ആരെ?
6. ദൈവത്തിന്റെ ആലയത്തെക്കുറിച്ചുള്ള എരിവ് എന്നെ തിന്നു കളഞ്ഞു എന്നു പറഞ്ഞതാർ?
7. സങ്കീർത്തനം അനുസരിച്ച് തമ്മിൽ ചുംബിച്ചിരിക്കുന്ന രണ്ടു കാര്യങ്ങൾ ഏവ?
8. "കൂട്ടുകാരനെക്കുറിച്ച് ഏഷണി പറയുന്നവനെ ഞാൻ നശിപ്പിക്കും" എന്നു പറഞ്ഞതാർ?
9. യഹോവയുടെ ഗോത്രങ്ങൾ യിസ്രായേലിന് സാക്ഷ്യത്തിനായി കയറിച്ചെല്ലുന്നതെവിടെ?
10. "വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി ശാശ്വത മാർഗ്ഗത്തിൽ എന്നെ നടത്തേണമെ" എന്നു പ്രാർത്ഥിച്ചതാർ?

*ബൈബിൾ റഫറൻസ് സഹിതം ഉത്തരങ്ങൾ P.P.George, Post Box No. 91, Angamali 683 572 എന്ന വിലാസത്തിൽ അയയ്ക്കുക.ചോദ്യങ്ങൾ പ്രസിദ്ധീകരിച്ച തീയതികഴിഞ്ഞ് 20 ദിവസത്തിനകം ഉത്തരങ്ങൾ ലഭിച്ചിരിക്കണം. ഉത്തരങ്ങൾ അയയ്ക്കുന്നവർ ക്വിസ് നമ്പരും തങ്ങളുടെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും കത്തിൽ രേഖപ്പെടുത്തണം.*

**ബൈബിൾ ക്വിസ് 105 – ശരിയുത്തരങ്ങൾ**

1. ദുഷ്ടന്റെ (11:7) 2. ദാവീദ് (17:3) 3. ദാവീദ് (31:12) 4. ദാവീദ് (39:5) 5. ദാവീദ് (62:10) 6. ദാവീദ് (4:1) 7. ആസാഫ് (76:37) 8. പരമാർത്ഥ ഹൃദയമുള്ളവർക്ക് (97:11) 9. ദുഷ്ടൻ (112:10) 10. യഹോവയുടെ വായിൽ നിന്നുള്ള ന്യായപ്രമാണം (119:72)

**ക്വിസ് 101 – ശരിയുത്തരം അയച്ചവർ :** Mariyamma Thomas Kunnanthanam, Suseela Biju Cheppad, Sheena Santhosh Thriperumthura, Ditty Sunny Thalikod, Philomol K. Varghese South Chittoor, Spurjan K.J. Trivandrum, Jane Mathew Palakkad, Jolly Mathew Kalanjoor, Nicey Renji Cheppad, Alice Korah Puthuppally, Mary George Ranny, Tony Varghese Pathanamthitta, P.S. George Trivandrum, K. Prabhakaran Trivandrum, Ponnamma Raju Sharjah, Jeemon Daniel Mallappally, C.M. Daniel Thrissur, Saramma Thomas Kottayam, Jaison Thomas Kottarakara, P.K. Geeorgekutty Perumbavoor, John Benjamin K. Vappala, Annamma Baby Mathew Ponkunnam, Moly Joy Muvattupuzha, Grace John Mathew Mylapra, Rosamma Thomas Thadiyoor, Moly Issac Kottarakkara, Mini Aby Sam Assam, Betty Vinod Kottayam, Aleyamma Jacob Visakhapattanam, Abraham V.K. Kottayam, Latha Ravi Assam, Lini Charles Pazhayannupadam, Mercy Paul Perumbavoor, Rachel Manesh Wadakkanchery, Susan Thankachan Haripad

# മഹത്വത്തിൽ



**അങ്കമാലി:** മഞ്ഞപ്ര ബ്രദറൺ സഭാംഗമായ മേനാച്ചേരിൽ **എം. വൈ. പൗലോസ് (57)** ജൂലൈ 6-ന് മഹത്വത്തിലേക്കു ചേർക്കപ്പെട്ടു. ജൂലൈ 9-ന് സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**അങ്കമാലി:** കിഴക്കേപറമ്പിൽ **കെ.എ. ജോർജ്ജ് (86)** ജൂൺ 29-ന് താൻ പ്രിയം വച്ചിരുന്ന കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ടു. ഭൗതിക ശരീരം ജൂലൈ 1-ന് അങ്കമാലി വെസ്റ്റ് ബ്രദറൺ സഭയുടെ ചുമതലയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.




**ന്യൂയോർക്ക്:** ഇമ്മാനുവേൽ ബ്രദറൺ അസംബ്ലി അംഗമായ ബ്രദർ സാമുവേൽ വർഗീസിന്റെ സഹധർമ്മിണി **എൽസി വർഗീസ് (ബേബിക്കുട്ടി – 53)** ജൂലൈ 1-ന് കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ഭൗതിക ശരീരം ജൂലൈ 6-ന് സംസ്കരിച്ചു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ വഹിച്ചാലും.



**കണ്ടൻപേരൂർ:** പുതുകുഴിയിൽ **പി.റ്റി. മാത്യൂ (ജോപ്പൻ-52)** താൻ പ്രത്യാശ വച്ചിരുന്ന കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ടു. ഭൗതികശരീരം ജൂൺ 28-ന് കണ്ടൻപേരൂർ ശാലേം ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**പുൽപ്പള്ളി:** കുറിച്ചിപ്പറ്റ സിസ്റ്റർ **മേരി തോമസ് (61)** ജൂലൈ 3-ന് കർത്താവിൽ നിദ്ര പ്രാപിച്ചു, ഭൗതിക ശരീരം ജൂലൈ 4-ന് സംസ്കരിച്ചു. വിയോഗ ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും പ്രാർത്ഥനയിൽ ഓർക്കുക.



**ചെങ്ങന്നൂർ:** മഴുക്കീർ റിട്ട. റെയിൽവേസ്റ്റേഷൻ സൂപ്രണ്ട് പുന്നൂസിന്റെ പത്നി **മേരി പുന്നൂസ് (കുഞ്ഞുമറിയാമ്മ- 71)** കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ഭൗതികശരീരം ജൂലൈ 7-ന് മഴുക്കീർ ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. വിയോഗ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**പത്തനാപുരം:** പരേതനായ കഞ്ഞിക്കുഴിയിൽ പി.കെ. ഡാനിയേലിന്റെ സഹധർമ്മിണി **കുഞ്ഞമ്മ ഡാനിയേൽ (93)** ജൂൺ 28-ന് പ്രത്യാശാ തീരത്തേക്കു ചേർക്കപ്പെട്ടു. ജൂലൈ 1-ന് കലഞ്ഞൂർ ക്രിസ്ത്യൻ ബ്രദറൺ ചർച്ച് സെമിത്തേരിയിൽ സംസ്കരിച്ചു. വിയോഗദുഃഖത്തിലായിരിക്കുന്ന പ്രിയപ്പെട്ടവരെ പ്രാർത്ഥനയിൽ ഓർക്കുക.



**പുനലൂർ:** ചെമ്മന്തൂർ ബ്രദറൺ അസംബ്ലി അംഗമായ വി.ഇ. തോമസിന്റെ ഭാര്യ **അന്നമ്മ തോമസ് (പൊടിയമ്മ -83)** ജൂൺ 27-ന് മഹത്വത്തിലേക്കു പ്രവേശിച്ചു. ജൂലൈ 2-ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. വേർപാടിന്റെ ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**തിരുവനന്തപുരം:** പേരൂർക്കട ബ്രദറൺ അസംബ്ലി അംഗമായ കരകുളം മുല്ലശ്ശേരി ബ്രദർ ചന്ദ്രന്റെ മകൻ **വിനയൻ (24)** ജൂൺ 27-നുണ്ടായ റോഡപകടത്തെത്തുടർന്ന് ജൂൺ 28-ന് കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ടു. ഭൗതികശരീരം ജൂൺ 29-ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. വിയോഗദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും പ്രാർത്ഥനയിൽ ഓർക്കുക.

കവിത

# യൗവ്വന കാലം

**സാം പ്രസാദ്, മുള്ളരിങ്ങാട്**

യൗവ്വന കാലമിതെന്തു മനോഹരം
ജീവിക്കുവാനേറെ ഇഷ്ടപ്പെടും കാലം
എല്ലാടമുള്ളോരു കെട്ടങ്ങഴിഞ്ഞിട്ട്
സ്വാതന്ത്ര്യ മൈതാനം നേരെ നിവരുന്നു
പക്വമായെന്നതു ഉള്ളു പറയുന്നു
കുട്ടിയാണിന്നുമെന്നോതുന്നു ഏവരും
ആളുകളിക്കുവാൻ ആളെകാണിക്കുവാൻ
ഏറെ വിരുതുകൾ പെട്ടി തുറക്കുന്നു
മദ്യം പുകവലി എന്നിവ ഒക്കെയും
പ്രണയത്തിനൊപ്പമായ് കൂടിക്കലരുന്നു
നെറ്റിൽ കയറുവാൻ തെറ്റിൽ മയങ്ങുവാൻ
സമയ സമ്പാദ്യങ്ങൾ ഏറെ കളയുന്നു.
ഫേസ്ബുക്കും ടിറ്ററും വാട്ട്സാപ്പിനൊപ്പമായി
തള്ളവിരൽ തുമ്പിൽ തെന്നിക്കളിക്കുന്നു
മാറ്റത്തിൻ പാതയിൽ ഓടി കിതയ്ക്കുന്നു
മാതാപിതാക്കളെ തള്ളിക്കളയുന്നു
വേഷവിതാനങ്ങൾ മാറ്റി ഉടുക്കുന്നു
മുടിയിഴ ശൈലികൾ മാറി പറക്കുന്നു
ഈ വിധം വാഴുന്ന യൗവ്വന കേസരീ- നീ
നിൻ സ്രഷ്ടാവിനെ ഓർക്കുക വേഗത്തിൽ
ന്യായവിസ്താരത്തിൻ വാതിൽ കവാടത്തിൽ
ന്യായം വിധിക്കുമെന്നോർത്ത് ജീവിക്കുക

# കുമ്പനാട് ബ്രദറൺ കൺവൻഷൻ

**2016 ഡിസംബർ 7,8,9,10 (ബുധൻ- ശനി)**

ബ്രദറൺ സഭാഹാളിനു സമീപമുള്ള കെ.ബി.എ.എം. ഹാളിൽ

ദിവസവും വൈകിട്ട് 6.30 മുതൽ 9.00 വരെ **ബൈബിൾ പ്രഭാഷണങ്ങൾ**

ഡിസം. 9 വെള്ളി രാവിലെ 10-ന് **സഹോദരിമാരുടെ സമ്മേളനം**

ഡിസം. 10 ശനി രാവിലെ 10-ന് **സുവിശേഷകന്മാരുടെ സമ്മേളനം**

സഹോദരന്മാരായ
ഡോ. ഒ. എം. ശാമുവേൽ (മാവേലിക്കര)
വർഗീസ് കെ. കുര്യൻ (പാമ്പാടി)
ജോൺ പി. തോമസ് (എറണാകുളം)
തോംസൺ ബി. തോമസ് (മുംബൈ)
വി. മാത്യൂ (കുമ്പനാട്) എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നു.

യോഗങ്ങളുടെ അനുഗ്രഹത്തിനായി ദൈവമക്കളുടെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

*സി.വി. ശാമുവേൽ, പി.ഓ. ശാമുവേൽ*

## അറിയിപ്പ്

നിങ്ങളുടെ വിലാസത്തിനു മുകളിൽ കൊടുത്തിരിക്കുന്ന രജിസ്റ്റർ നമ്പർ എല്ലാ കത്തിടപാടുകളിലും രേഖപ്പെടുത്തുക. വരിസംഖ്യയോ സംഭാവനയോ നേരിട്ട് ബാങ്കിൽ നിക്ഷേപിക്കുകയോ മണി ഓർഡറായി അയക്കുകയോ ചെയ്യുന്നവർ വിശദവിവരം മാനേജിംഗ് എഡിറ്ററെ ഫോണിലൂടെയോ കത്തിലൂടെയോ അറിയിക്കേണ്ടതാണ്. സഹകരണങ്ങൾക്കു നന്ദി.

*മാനേജിംഗ് എഡിറ്റർ*
*(9605001818)*

## ജൂലൈ 23 പ്രാർത്ഥനാ ദിനം

**പെരുമ്പാവൂർ:** ദൈവമക്കളുടെ ആത്മിക അനുഗ്രഹത്തിനും സഭകളുടെ ഉണർവ്വിനുമായി ഒരു പ്രാർത്ഥനാദിനം 2016 ജൂലൈ 23 ശനി രാവിലെ 10 മുതൽ 3.30 വരെ പെരുമ്പാവൂർ, നെല്ലിമോളം 'ഔവർ വിഷൻ സെന്ററി'ൽ ക്രമീകരിച്ചിരിക്കുന്നു. വ്യക്തിപരമായ പ്രാർത്ഥനാ വിഷയങ്ങൾ പങ്കുവയ്ക്കുന്നതിനും അവസരമുണ്ടായിരിക്കും. കീഴില്ലത്തു നിന്നും കുറുപ്പുംപടിക്കുള്ള വഴിയിൽ രായമംഗലം പഞ്ചായത്ത് ഓഫീസിനടുത്താണ് ഈ സ്ഥലം.

കൂടുതൽ വിവരങ്ങൾക്ക്:
Mathew Paul: 9645891018, 9497064018
Our Vision Centre, Nellimolam, Rayamangalam,
Perumbavoor- 683 545.

*മാത്യൂ പോൾ, കെ. തോമസ് മാത്യൂ, മാത്യൂ വർഗീസ്*

# ഡാളസ് മലയാളികൾ ഒന്നിച്ചു, അയ്യായിരം കുട്ടികൾ ദൈവസ്നേഹമറിഞ്ഞു

**ഡാളസ്:** ക്രൈസ്തവ സംഘടനയായ വൈ.എം.ഇ.എഫിന്റെ "ഭാരതം അറിയട്ടെ ദൈവസ്നേഹം" പദ്ധതിയുടെ ഭാഗമായി ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലായി 64 വി.ബി.എസ്സുകൾ നടന്നു. ബീഹാർ, ഒഡീഷ, രാജസ്ഥാൻ, പഞ്ചാബ്, ഗുജറാത്ത്, ഉത്തരാഖണ്ഡ്, ഝാർഖണ്ഡ്, മഹാരാഷ്ട്ര, മധ്യപ്രദേശ്, കർണ്ണാടക, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിലായി വിവിധ ഗ്രാമങ്ങളിലാണ് വി.ബി.എസ്സുകൾ നടന്നത്. അതാതു സ്ഥലങ്ങളിലെ പ്രേഷിത പ്രവർത്തകർ പരിപാടികൾക്ക് നേതൃത്വം വഹിച്ചു. ഏകദേശം 5000 കുട്ടികൾ ഈ സംരംഭത്തിലൂടെ ദൈവസ്നേഹത്തിന്റെ ഗാനങ്ങൾ പാടിയും കഥകൾ ശ്രവിച്ചും വേനലവധിക്കാലം നന്മയുടെ ആഘോഷമാക്കി.

## പ്രതിമാസ പ്രാർത്ഥനായോഗം

**പത്തനംതിട്ട:** പത്തനംതിട്ടയിലും ചുറ്റുപാടുമുള്ള സ്ഥലം സഭകളുടെ ഏകോപിച്ചുള്ള ഈ മാസത്തെ പ്രാർത്ഥനായോഗം ആനപ്ര ബ്രദറൺ സഭാഹാളിൽ 30-7-2016 (ജൂലൈ 30) ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 വരെ നടക്കുന്നു. പ്രാർത്ഥനയോടെ പങ്കെടുക്കുക.

*എ.എം. തോമസ് മൈലപ്രാ (9946188372), റ്റി.ജി. മാത്യൂ, കോന്നി (9846778283)*

**DOCTORS WANTED**

TIRUVALLA MEDICAL MISSION,
MANNAMARUTHY BRANCH,
RANNY, PATHANAMTHITTA DISTRICT,
KERALA

Contact: Administrator
Office: 04735 - 262285,
Mob: 9447744893/9447104294
Email:
abraham.mannamaruthy@gmail.com

## വിലാസമാറ്റം

**അടൂർ:** ബഥനി ബ്രദറൺ അസംബ്ലിക്കുള്ള കത്തുകൾ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുവാൻ അറിയിക്കുന്നു.

P.A. Abraham, Parayil, M.G. Road, Adoor, 691 523.
Mob: 9446828980

*പി.എ. സാമു, പി.എം. ഏബ്രഹാം*

## പ്രാർത്ഥനാ സംഗമം

**മുണ്ടക്കയം:** ബെഥേൽ ചാരിറ്റബിൾ ട്രസ്റ്റിന്റെയും ഗോസ്പൽ ഔട്ട് റീച്ച് ഫോർ ഇൻഡ്യയുടെയും ചുമതലയിൽ 2006 മുതൽ നടന്നു വന്ന പ്രവർത്തനങ്ങൾ 10 വർഷങ്ങൾ പൂർത്തീകരിക്കുവാൻ കർത്താവ് സഹായിച്ചു. ട്രസ്റ്റിന്റെ പ്രവർത്തനങ്ങളിൽ ഒന്നായ, കഴിഞ്ഞ പത്തു വർഷമായി മുണ്ടക്കയത്ത് നടത്തിവരുന്ന, "ദാനിയേൽ ചിൽഡ്രൻസ് ഹോം" എന്ന സ്ഥാപനം, ഗവൺമെന്റ് പുതുതായി ഇറക്കിയ നിയമപ്രകാരം മുൻപോട്ട് കൊണ്ടുപോകുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുകൾ നേരിട്ടതിനാൽ താൽക്കാലികമായി നിർത്തിവയ്ക്കുന്നതിന് നിർബന്ധിതമായി. എന്നാൽ തുടർന്ന് ഈ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ട്രസ്റ്റിന്റെ കീഴിൽ വരുന്നതായ മറ്റു പ്രവർത്തനങ്ങളാകുന്ന സുവിശേഷവത്ക്കരണം, ചിൽഡ്രൻസ് മിനിസ്ട്രി, പാസ്റ്ററൽ കൗൺസിലിങ്ങ്, ബോധവത്ക്കരണ പ്രവർത്തനങ്ങൾ, സുവിശേഷ ക്യാമ്പുകൾ, സായാഹ്ന ബൈബിൾ ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ, സെമിനാറുകൾ തുടങ്ങിയ ആത്മീയ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

2016 ആഗസ്റ്റ് മാസം 2-ാം തീയതി ചൊവ്വാഴ്ച 2 മണിക്ക് മുണ്ടക്കയം പൈങ്ങനായിലുള്ള ചിൽഡ്രൻസ് ഹോം കെട്ടിടത്തിൽ വച്ച് ട്രസ്റ്റിന്റെ ചുമതലയിൽ ഒരു പ്രാർത്ഥനാ സംഗമം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത ശുശ്രൂഷയുടെ അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിക്കുകയും പങ്കെടുക്കുകയും ചെയ്യുക.

*ശാമുവേൽ റ്റി. ഫിലിപ്പ്*
*(സെക്രട്ടറി)*

ചിന്ത
T.V.S.

# ലോകത്തിൽ പ്രകാശിക്കേണ്ട വിളക്കുകൾ എവിടെ?

രാത്രിയുടെ യാമങ്ങളിലേക്ക് ലോകം അതിവേഗം ഗമിച്ചുകൊണ്ടിരിക്കുന്നു. അന്ധകാരം ഭൂമിയെയും കൂരിരുട്ട് ജാതികളെയും മൂടുകയാണ്. എവിടെ നോക്കിയാലും കൂരിരുട്ടിന്റെ കാർമേഘങ്ങൾ പ്രകാശമണ്ഡലത്തെ മറച്ചു കൊണ്ടിരിക്കുന്നു. എന്തും ഏതും എപ്പോൾ വേണമെങ്കിലും സംഭവിക്കാവുന്ന സാഹചര്യം. ഇതിന്റെ മധ്യത്തിൽ പ്രകാശിക്കാൻ നിറുത്തിയ പല വിളക്കുകളും മന്ദമായ് പ്രകാശിക്കുന്നു. ചിലത് കെട്ടു പോകുമോ എന്ന നിലയിലേക്ക് എത്തിച്ചേർന്നിരിക്കുന്നു. വെളിച്ചം ഉണ്ടാകട്ടെ എന്ന് കല്പിച്ച ദൈവം തന്റെ പുത്രനെ ലോകത്തിന് വെളിച്ചമായി നൽകി. തന്നിൽ വിശ്വസിക്കുന്നവർ - ഈ ലോകത്തിന്റെ വെളിച്ചമായി നിയോഗിക്കപ്പെട്ട നമുക്ക് ഈ വാക്കുകൾ ഉൾക്കൊള്ളാൻ കഴിയുന്നുണ്ടോ?

വലിയ കൊടുങ്കാറ്റ് രൂപം കൊണ്ട ഒരു രാത്രി. വിഷമത്തിലായ ഒരു കപ്പലിന്റെ കഥ ഡി. എൽ. മൂഡി ഒരിക്കൽ പറകയുണ്ടായി- ആകാശത്തിൽ നക്ഷത്രങ്ങൾ ദൃശ്യമല്ലാത്ത രാത്രി. "ക്ള്വ്ലേൻഡ്" തുറമുഖത്തേക്ക് ഒരു കപ്പൽ അടുത്തു കൊണ്ടിരിക്കുന്നു. അതിന്റെ പൈലറ്റ് കപ്പലിന്റെ മീതെ തന്നെയിരിക്കുകയാണ്. അദ്ദേഹത്തിന്റെ കണ്ണിനു ദൃശ്യമായത് ഉയർന്നു നിൽക്കുന്ന ഒരു വിളക്കു മാത്രം. അതിനാൽ അത് തുറമുഖമാണോയെന്ന് നിശ്ചയിക്കാൻ കഴിയുമോയെന്ന് കപ്പിത്താൻ പൈലറ്റിനോടു ചോദിച്ചു. തുറമുഖമാണെങ്കിൽ വേറെയും ചില ലൈറ്റുകൾ കാണേണ്ടതല്ലേ? തനിക്ക് യാതൊരു സംശയവും ഇല്ലെന്ന് പൈലറ്റ് മറുപടി നല്കി. കപ്പിത്താൻ വീണ്ടും ചോദിച്ചു, താഴെ കാണേണ്ട വിളക്കുകൾ എവിടെ? അവ കെട്ടു പോയി. എന്നായിരുന്നു ഉത്തരം. അങ്ങനെയെങ്കിൽ തുറമുഖം എങ്ങനെ സൂക്ഷ്മമായി മനസ്സിലാക്കാൻ കഴിയും. അപ്രകാരം ആണെങ്കിൽ നമുക്ക് അത് തിട്ടപ്പെടുത്തുവാൻ ശ്രമിക്കണം. ഇത് പറഞ്ഞു കൊണ്ടിരിക്കുമ്പോൾ തന്നെ കപ്പൽ അപകടത്തിലേക്കുള്ള യാത്ര തുടരുകയായിരുന്നു. വിളക്കുകളുടെ അഭാവത്തിൽ അന്ധകാരത്തിന്റെ മറവിൽ കപ്പൽ വഴി മാറി സഞ്ചരിച്ചതിനാൽ പാറയിൽ തട്ടി തകർന്നു നിലവിളിയോടുകൂടെ അനേകർ മരണത്തിന് ഇരയായി.

> **ഇത് പറഞ്ഞു കൊണ്ടിരിക്കുമ്പോൾ തന്നെ കപ്പൽ അപകടത്തിലേക്കുള്ള യാത്ര തുടരുകയായിരുന്നു.**

പ്രിയരെ! വലിയ വെളിച്ചത്തിന്റെ കാര്യം വലിയവനായ ദൈവം നോക്കിയിട്ടുണ്ട്. രക്ഷാകരമായ ദൈവകൃപയുടെ വെളിച്ചം നൂറ്റാണ്ടുകൾക്ക് മുന്നെ ഉദിച്ചതാണ്. എന്നാൽ നമുക്ക് ആവശ്യം താഴെയുള്ള വിളക്കുകളുടെ പ്രകാശമാണ്. എന്നാൽ മാത്രമെ അനേക ജീവിതമാകുന്ന കപ്പലുകൾക്ക് നേരായ വഴിയിലൂടെ പൂർണ്ണതയിൽ എത്താൻ കഴികയുള്ളു. വലിയ വിളക്കായ കർത്താവ് പറഞ്ഞു, ഞാൻ ലോകത്തിന്റെ വെളിച്ചമായിതീർന്നു. താഴെയുള്ള ചെറിയ വിളക്കുകൾ ആയ ഓരോ ദൈവമക്കളും അന്ധകാരത്തിൽ പ്രകാശിക്കേണ്ടതാണ്. അങ്ങനെയുള്ളവരെയാണ് ദൈവത്തിന് ആവശ്യം. തുറമുഖമാണെങ്കിൽ വേറെയും ചില ലൈറ്റുകൾ വേണ്ടതല്ലയോ എന്ന് കപ്പിത്താൻ ചോദിച്ചതുപോലെ ദൈവപൈതലാണെങ്കിൽ ദൈവിക വെളിച്ചം ലോകത്തിന് പകർന്നു കൊടുക്കേണ്ടവരല്ലയോ നാം- ഈ കാര്യത്തിൽ നാം എത്രത്തോളം വിശ്വസ്തരായിതീർന്നിട്ടുണ്ട്- നമ്മിലുള്ള ദൈവിക പ്രകാശം അന്ധകാരത്തിൽ വിളക്കുകളായി രൂപാന്തരപ്പെടട്ടെ. ●

**SUVISESHADHWANI**
Fortnightly
Vol. 38 Issue 25
Annual Subscription
India Rs. 200/-
USA/Canada US$ 100
Envelope Postage
Rs. 2500/-

Chief Editor:
**Saju P. Stephen**
Padinjattil Puthenpurayil,
Kakkoor P.O., Koothattukulam
Pin-686662, Mob:9747486981
sajupstephen@gmail.com

**Please send news and articles to:**
Associate Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Mob : 9495162788
samjichoonattu@gmail.com

**Send your drafts & money order to :**
Managing Editor
**Samson Samuel**
Sam's Cottage,Palace Square
Chottanikara P.O.,
Ernakulam - 682 312
Mob: 9605001818
samgen701@gmail.com

Circulation Manager:
**A.D. James**
Angamaly-683572
Mob: 9446814115
Please send DD/Cheque drawn in favour of :
Suvisesha Dhwani

E-mail :
suviseshadhwani2011@gmail.com

**REGISTERED**
*Reg. No. RN 29475/1978*
**Postal Reg. No. KL / ALY / 0076 / 2015-17**
**Licence No. KL/CR/ALU/WPP-08/2015-17**
**Licensed to Post Without Prepayment.**
**Date of Publishing : 16/ 07 / 2016**

***If not delivered, please return to :***
**Managing Editor,**
**SUVISESHADHWANI,**
Sam's Cottage, Palace Square
Chottanikara P.O.,
Ernakulam - 682 312.

Printed & Published by Saju P. Stephen on behalf of General Y.M.E.F. & Printed at Speck Offset Press, Eroor, Ekm. & Published at Padinjattil Puthenpurayil, Kakkoor, Ekm. Dist. Editor : Saju P. Stephen. Design: D'Club, Kallissery.